LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

2005 ആഗസ്റ്റ് 10, ബുധൻ

വാല്യം CXXV] - ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 22

നിയമസഭ 2005 ആഗസ്റ്റ് മാസം 10-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ.

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ ..... ഓർഡർ .....ചോദ്യം നമ്പർ 453

ജലസംഭരണികളിലെ അപകടസ്ഥിതി ഒഴിവാക്കാൻ നടപടി

*1 [453] *ശ്രീ. ചെർക്കളം അബ്ദുള്ള:*

„ *സി. ടി. അഹമ്മദ് അലി:*

„ *പി. കെ. കെ. ബാവ:*

„ *സി. മമ്മൂട്ടി:*

„ *നാലകത്ത് സൂപ്പി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ കാലവർഷം തുടങ്ങിയശേഷം സംസ്ഥാനത്തെ ജല സംഭരണികളിൽ അവയുടെ സംഭരണശേഷിക്കൊപ്പം ജലനിരപ്പ് ഉയർന്നിട്ടുണ്ടോ;

GPM. 2/609/2012—2

(ബി) എങ്കിൽ അപകടസാദ്ധ്യത ഉണ്ടാകാതിരിക്കാൻ സ്വീകരിച്ചിട്ടുള്ള മുൻകരുതൽ നടപടി എന്തെല്ലാമാണ് എന്നു വിശദമാക്കാമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)* : സർ,

(എ) എല്ലാ ജലസംഭരണികളിലും അവയുടെ സംഭരണശേഷിക്കൊപ്പം ജലനിരപ്പ് ഉയർന്നിട്ടില്ല. ചില ജലസംഭരണികളിൽ സംഭരണശേഷിക്കൊപ്പം ജലനിരപ്പ് ഉയർന്നിട്ടുണ്ട്.

(ബി) സംഭരണശേഷിയിൽ കൂടുതൽ ജലനിരപ്പ് ഉയരുമ്പോൾ നദീതീരങ്ങളിൽ താമസിക്കുന്ന ജനങ്ങളെ അവരുടെ സ്വത്തിനും ജീവനും സംരക്ഷണം നൽകുന്നതിനായി വിവിധ മാധ്യമങ്ങൾവഴി മുൻകൂട്ടി വിവരം അറിയിക്കുന്നു. ഡാമിലുള്ള ഷട്ടറുകൾ ഉയർത്തി സ്പിൽവേയിലൂടെ അധികജലം പുറത്തേക്ക് ഒഴുക്കിവിടുന്നു.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, ജലസംഭരണികളിലെ വെള്ളം ഉയരുമ്പോൾ അതിന്റെ സമീപപ്രദേശങ്ങളിലെ ആളുകൾ ഏറ്റവുമധികം അപകടഭീഷണി നേരിട്ടുകൊണ്ടിരിക്കുന്ന ഘട്ടത്തിൽ പത്രങ്ങളിലൂടെ മാത്രം അറിയിച്ചതുകൊണ്ട് അവരെ രക്ഷപ്പെടുത്താൻ കഴിയില്ല. അതുകൊണ്ട് അടിയന്തിരമായി അത്തരം ഘട്ടത്തിൽ അവരെ പുനരധിവസിപ്പിക്കുന്നതിന് ആവശ്യമായ ആശ്വാസ കേന്ദ്രങ്ങൾ കൂടി സുരക്ഷിതസ്ഥാനത്ത് നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ പറഞ്ഞത് വളരെ പ്രധാനപ്പെട്ട നിർദ്ദേശമാണ്. ഡാമിലെ ജലനിരപ്പ് ഉയരുന്നതനുസരിച്ച് 2.7 മീറ്റർ താഴെവച്ചുതന്നെ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഡാമിലെ ജലനിരപ്പ് സംബന്ധിച്ച് അന്വേഷിക്കും. അതിനുശേഷം ആവശ്യമായ നടപടികളിലേക്കായി മേലുദ്യോഗസ്ഥൻമാരെ അറിയിക്കും. അതിനുശേഷം പ്രോജക്ട് എൻജിനീയർ, ജില്ലാ കളക്ടർ, റവന്യൂ ഉദ്യോഗസ്ഥൻമാർ, ചീഫ് എൻജിനീയർ, പോലീസ്, ഗതാഗതം, വാർത്താവിനിമയം എന്നീ വകുപ്പുകളെ തൽസമയം അറിയിക്കുന്നു. അങ്ങനെ ജനങ്ങളെക്കൂടി അറിയിച്ചുകൊണ്ട് അവർക്ക് അപകടം ഉണ്ടാകാതിരിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, ഇത്തരം ജലസംഭരണികളുടെ അറ്റകുറ്റപ്പണികൾ ഓരോ വർഷവും യഥാസമയം നടത്താറുണ്ടോ; അത് നടത്തുന്നതിനാവശ്യമായ അടിയന്തിരനടപടി സ്വീകരിക്കുമോ; അതോടൊപ്പം തന്നെ ഓരോ ജലസംഭരണിയുടേയും ആയുസ്സ്, ശേഷി, അവ എത്രകാലംവരെ നിലനിൽക്കും എന്നീ കണക്കുകൾ ഗവൺമെന്റ് ശേഖരിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സംസ്ഥാന ഗവൺമെന്റിന്റെ കയ്യിലുള്ള ജലസംഭരണികളുടെ അറ്റകുറ്റപ്പണികൾ അതാത് കാലത്ത് നടത്തുന്നതിനുവേണ്ടിയുള്ള നടപടികളെടുത്തിട്ടുണ്ട്.

ശ്രീ. പി. കെ. കെ. ബാവ: സർ, ജലസംഭരണികളുടെ സമീപത്ത് താമസിക്കുന്ന ആളുകൾക്ക് നിർഭാഗ്യവശാൽ അപകടം സംഭവിക്കുകയാണെങ്കിൽ അത് ഏതുവരെ ബാധിക്കുമെന്നകാര്യം പരിശോധിച്ചിട്ട് അതുപോലെയുള്ള സ്ഥലങ്ങളിൽ അവർക്ക് ആവശ്യമായിട്ടുള്ള സുരക്ഷിതത്വം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഓരോ ജലസംഭരണിക്കും മാക്സിമം ജലം സംഭരിക്കാൻ കഴിയുന്ന എഫ്.ആർ.എൽ. ഉണ്ട്. ആ എഫ്.ആർ.എൽ.-ന് തൊട്ടുമുൻപ് ഒരു വാണിംഗ് ലൈനുണ്ടാകും. ആ വാണിംഗ് ലൈനിന്റെ മുകളിലേക്ക് വെള്ളത്തിന്റെ അളവ് വർദ്ധിക്കുകയാണെങ്കിൽ നേരത്തെ ഞാൻ സൂചിപ്പിച്ചതുപോലെയുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കും.

ശ്രീ. പി. കെ. കെ. ബാവ: സർ, ജലനിരപ്പ് കൂടുന്ന സമയത്ത് ഇന്ന് പത്രങ്ങളിലൂടെയും മാധ്യമങ്ങളിലൂടെയും ഒക്കെ ജലനിരപ്പ് ഉയർന്നിരിക്കുന്നു, ജനങ്ങൾ ജാഗ്രത പാലിക്കണമെന്നുള്ള മുന്നറിയിപ്പ് വരുമ്പോൾ ജനങ്ങളാകെ പരിഭ്രാന്തരും ഭയവിഹ്വലരുമാകുന്ന അവസ്ഥ സൃഷ്ടിക്കപ്പെടുകയാണ്. അതിനുപകരം എല്ലാ സമയങ്ങളിലും ഇതുസംബന്ധിച്ച കൃത്യമായ വിവരം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സാധാരണഗതിയിൽ കാലവർഷമുണ്ടാകുമ്പോൾ അല്ലെങ്കിൽ അതിവർഷമുണ്ടാകുമ്പോഴൊക്കെയാണ് ജലനിരപ്പ് വർദ്ധിക്കുന്നത്. അപ്പോൾ ജലനിരപ്പ് വർദ്ധിക്കാൻ സാദ്ധ്യതയുണ്ടെന്നുള്ളത് ജനങ്ങൾക്ക് നല്ല ബോദ്ധ്യമുണ്ട്. മാത്രമല്ല എല്ലാ വർഷവും ഇക്കാര്യങ്ങൾ നേരിട്ട് അനുഭവിച്ചുകൊണ്ടിരിക്കുന്ന ആളുകളുമാണ്. അതുകൊണ്ട് ഗവൺമെന്റിന്റെ വാണിംഗ് കൊണ്ട് പരിഭ്രാന്തിയുണ്ടാകേണ്ട ഒരു സാഹചര്യമില്ല. മാത്രമല്ല അതിനു വേണ്ട മുൻകരുതലുകളോടുകൂടിയാണ് ഗവൺമെന്റ് കാര്യങ്ങൾ ചെയ്യുന്നത്.

ശ്രീ. സി. മമ്മൂട്ടി: സർ, ജലനിരപ്പ് ഉയരുന്നത് സംബന്ധിച്ച് ഈ സഭയിൽത്തന്നെ ചർച്ചകൾ നടന്നതാണ്. ഇക്കഴിഞ്ഞ മഴയിൽ അതിഭീകരമായ വിധത്തിലാണ് ജലനിരപ്പ് ഉയർന്നത്. മുല്ലപ്പെരിയാർ ഡാമിനെ സംബന്ധിച്ചാണ് ഏറ്റവും കൂടുതൽ ഭീതി ജനങ്ങൾക്കുണ്ടായത്. മുല്ലപ്പെരിയാർ ഡാം സംബന്ധിച്ചുള്ള വിശദമായ വിവരങ്ങൾ പരിശോധിക്കുകയും നടപടി സ്വീകരിക്കുകയും ചെയ്തുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുണ്ട്. ഇതുസംബന്ധിച്ച് ബന്ധപ്പെട്ടവരെയും തമിഴ്നാടിനെയുമൊക്കെ വിവരമറിയിച്ചിട്ടുണ്ടെന്ന് പറഞ്ഞു. ഇതിനെക്കുറിച്ച് യാതൊരു വിവരവും കേരള ഗവൺമെന്റ് നൽകിയിട്ടില്ല എന്നാണ് കഴിഞ്ഞ ദിവസം തമിഴ്നാട്

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന്റെ ഒരു അറിയിപ്പ് പത്രത്തിൽ വന്നത്. ഇതിലേതാണ് സത്യമെന്ന് അറിയാൻ ജനങ്ങൾക്ക് ജിജ്ഞാസയുണ്ട്. ഇതുസംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചുവെന്ന് അങ്ങ് വിശദമാക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: തമിഴ്നാടും കേരളവുമായിട്ട് അന്തർ സംസ്ഥാന നദീജല പ്രശ്നങ്ങളെക്കുറിച്ച് 17 പ്രാവശ്യം ചർച്ച ചെയ്തിട്ടുണ്ട്. ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മൂന്ന് പ്രാവശ്യം അതിനെക്കുറിച്ചുള്ള ചർച്ചകൾ നടന്നു. ആ ചർച്ച കളിലെല്ലാം മുല്ലപ്പെരിയാറിന്റെ ജലനിരപ്പിനെക്കുറിച്ചുള്ള ചർച്ചകളും നടന്നു. അപ്പോഴെല്ലാം വിവരമറിയിച്ചിട്ടുണ്ട്. തമിഴ്നാട്ടിലെ ഇലക്ട്രിസിറ്റി മന്ത്രിയാണ് ഇങ്ങനെ പറഞ്ഞത്. അദ്ദേഹം ഒരു ചർച്ചയിലും പങ്കെടുത്തതായി രേഖകളിലൊന്നും ഞാൻ കാണുന്നില്ല. മുഖ്യമന്ത്രിതല ചർച്ച നടന്നപ്പോൾ കേരള മുഖ്യമന്ത്രി, തമിഴ്നാട് മുഖ്യമന്ത്രി, അവിടെ വാട്ടർ റിസോഴ്സസിന്റെ ചാർജുള്ള മന്ത്രി, അന്നത്തെ വ്യവസായ വകുപ്പുമന്ത്രി ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടി, അവിടെ നിന്ന് ധനകാര്യവകുപ്പുമന്ത്രി ശ്രീ. പൊന്നയ്യൻ എന്നിവരാണ് ചർച്ചയിൽ പങ്കെടുത്തത്. അതിനുശേഷം ഒരു മന്ത്രിതല ചർച്ചനടന്നു. ആ മന്ത്രിതല ചർച്ചയിൽ കേരളത്തിൽനിന്ന് ഞാനും ശ്രീ. വക്കം പുരുഷോത്തമനുമാണ് പങ്കെടുത്തത്. തമിഴ്നാട്ടിൽനിന്ന് പങ്കെടുത്തത് ശ്രീ. പനീർശെൽവവും ശ്രീ. പൊന്നയ്യനുമാണ്. ആ ചർച്ചകളിലൊന്നും അവിടുത്തെ വൈദ്യുതി മന്ത്രി ശ്രീ. വിശ്വനാഥനെ ഞാൻ കണ്ടിട്ടില്ല. അദ്ദേഹത്തിന് ഈ വിവരം എങ്ങനെ കിട്ടിയെന്ന് എനിക്കറിയില്ല. ഒരു കാര്യംകൂടി ബഹുമാനപ്പെട്ട സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഞാനും പ്രതിപക്ഷനേതാവുംകൂടി മുല്ലപ്പെരിയാർ ഡാം സന്ദർശിക്കാൻ പോയി. അവിടെ പോയപ്പോൾ ഞങ്ങൾ കണ്ട സാഹചര്യങ്ങൾവച്ച് അവിടെ വച്ചുതന്നെ ഒരു കത്ത് അവിടുത്തെ ഉദ്യോഗസ്ഥൻമാർക്ക് നൽകി. മാത്രമല്ല ആ കത്ത് സ്വീകരിച്ചു എന്ന് പറഞ്ഞിട്ടുള്ള acknowledgement ഗവൺമെന്റിന്റെ കയ്യിലുണ്ട്. ഞാൻ മുല്ലപ്പെരിയാറിൽ നിന്നും തിരുവനന്തപുരത്തേക്ക് എത്തിയതിനുശേഷം അന്നുതന്നെ ശ്രീ. പനീർ ശെൽവത്തിന് മന്ത്രിയിൽനിന്നും മന്ത്രിയിലേക്ക് എന്നൊരു പ്രൊട്ടോക്കോൾ പാലിച്ചുകൊണ്ട് ഒരു കത്ത് അയച്ചു. ആ ഫാക്സിന്റെ കോപ്പിയും നമ്മുടെ ഫയലിലുണ്ടെന്ന് മാത്രമല്ല 5-ാം തീയതി വൈകുന്നേരം 6.25-ന് ഈ ഫാക്സ് അവിടെ സ്വീകരിച്ചു എന്നുപറഞ്ഞ് നമുക്ക് കിട്ടിയ കൺഫർമേഷനും രേഖയ്ക്കകത്തുണ്ട്. ഇതെല്ലാം നിൽക്കുമ്പോൾ 7-ാം തീയതി മുല്ലപ്പെരിയാറിൽ വന്ന മന്ത്രി എന്ത് അടിസ്ഥാനത്തിലാണ് ഇത് പറഞ്ഞതെന്ന് എനിക്കറിയില്ല.

ശ്രീ. സി. മമ്മൂട്ടി: സർ, വെള്ളപ്പൊക്കമുണ്ടാകുമ്പോൾ ഡാമുകൾ കരകവിഞ്ഞ് ഒഴുകുകയാണ്. മുല്ലപ്പെരിയാർ മാത്രമല്ല ബാണാസുരസാഗർ, കാരാപ്പുഴ എന്നിവിടങ്ങളിലും ഡാമുകൾ കരകവിഞ്ഞ് ഒഴുകുകയാണ്. ജനങ്ങളെ സംബന്ധിച്ചിടത്തോളം വലിയ ഭീതിയുണ്ടാക്കുന്ന അവസ്ഥയായിരിക്കുന്നു. ഇങ്ങനെയുള്ള ഘട്ടങ്ങളിൽ അടിയന്തിരനടപടി സ്വീകരിക്കാറുണ്ട്. എന്നാൽ ഈ

LIBRARY ARCHIVES Kerala Legislative Assembly

ഡാമുകൾ സുരക്ഷിതമാക്കി സംരക്ഷിക്കാനും കൃത്യമായി മെയിന്റനൻസ് നടത്താനും അതിന്റെ ബലം ഉറപ്പുവരുത്താനുമൊക്കെവേണ്ടി ഡാം സെയ്ഫ്റ്റി കമ്മിറ്റി രൂപീകരണം സംബന്ധിച്ച നിയമം ഈ നിയമസഭയിൽതന്നെ പാസ്സാക്കിയതാണ്. അതിന്റെ അടിസ്ഥാനത്തിൽ വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ; അതിനെക്കുറിച്ച് മന്ത്രി വിശദമാക്കാമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നമ്മുടെ ഡാമുകൾ കരകവിഞ്ഞ് ഒഴുകുന്നു എന്നുപറയുന്നത് കണക്കുകൾ വച്ച് നോക്കുമ്പോൾ ഒരിക്കലും ശരിയാകുന്നില്ല. അങ്ങനെ ഡാമുകൾ കരകവിഞ്ഞ് ഒഴുകിയിട്ടില്ല. 13 ഡാമുകളാണ് വാട്ടർ റിസോഴ്സസ് ഡിപ്പാർട്ടുമെന്റ് കൈകാര്യം ചെയ്യുന്നത്. 7 ഡാമുകൾ ഇലക്ട്രിസിറ്റി വകുപ്പ് കൈകാര്യം ചെയ്യുന്നുണ്ട്. ഈ ഡാമുകളിലെല്ലാം പൂർണ്ണ നിലയിലേക്ക് ജലം എത്തിയിട്ടില്ല. അങ്ങേക്ക് ആവശ്യമുണ്ടെങ്കിൽ റിക്കാർഡ്സ് തരാം. സമയപരിമിതിമൂലം മുഴുവൻ കാര്യങ്ങളും ഞാൻ പറയുന്നില്ല. അങ്ങേക്ക് ആവശ്യമുള്ള റിക്കാർഡുകൾ ഞാൻ തരാം. ഡാം സെയ്ഫ്റ്റി കമ്മിറ്റിയുണ്ടാക്കുന്നതിന് അതിന്റെ റൂളുകളാണ് പ്രധാനപ്പെട്ട പ്രശ്നം. ലാ ഡിപ്പാർട്ടുമെന്റുമായി ഇന്നലെയും ഞാൻ ബന്ധപ്പെട്ടു. ഡാം സെയ്ഫ്റ്റി കമ്മിറ്റി ഉണ്ടാക്കാൻ കഴിയും.

ശ്രീ. ടി. പി. എം. സാഹിർ: നമ്മുടെ ഹൈഡൽ പവർ പ്രോജക്റ്റുകൾ കേരളത്തിന്റെ ഏറ്റവും വലിയ ജലസമ്പത്താണ്. ജനറേറ്ററുകളുടെ അറ്റകുറ്റപ്പണികൾ ഇലക്ട്രിസിറ്റി ബോർഡ് ചെയ്യുന്നുണ്ട്. അങ്ങുതന്നെ പറഞ്ഞു ഇരുപതോളം ഡാമുകളുണ്ടെന്ന്. ജലസംഭരണികളിൽ കഴിഞ്ഞ പത്ത്, മുപ്പത് വർഷമായി ഒരുപാട് വേസ്റ്റ് കെട്ടിക്കിടക്കുന്നു. അതുകൊണ്ട് ജലസംഭരണികളുടെ കപ്പാസിറ്റി കുറയുകയാണ്. അതുകൊണ്ടാണ് വലിയൊരു മഴയുണ്ടായാൽത്തന്നെ ഓവർ ഫ്ളോ ചെയ്യുന്നത്. ഡാമുകളിലെ അഴുക്ക്, തടിമരങ്ങൾ, മണ്ണ് ഇതെല്ലാം മാറ്റാനുള്ള നടപടികളിലേക്ക് ഗവൺമെന്റ് നീങ്ങുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. ഡാമുകളിൽ നീരൊഴുക്ക് വരുമ്പോൾ മണ്ണൊലിപ്പിന്റെ ഫലമായി ഡാമുകളുടെ കപ്പാസിറ്റി കുറയുന്നുണ്ട്. അതിന് ഡീ-സിൽറ്റിംഗ് ചെയ്യുന്നുണ്ട്. ഡാമുകളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് ചാർജുള്ള ഉദ്യോഗസ്ഥർ ഡീസിൽറ്റിംഗും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും ചെയ്യണമെന്നാണ് വിവക്ഷിക്കപ്പെടുന്നത്.

ശ്രീ. ടി. പി. എം. സാഹിർ: സർ, അങ്ങ് ഉത്തരം നൽകുമ്പോൾ ഡാമുകളുടെ കപ്പാസിറ്റിയോളം വെള്ളം എത്തിയിട്ടില്ല എന്നു പറഞ്ഞു. പത്ര റിപ്പോർട്ടുകൾ കാണിക്കുന്നത്, മുല്ലപ്പെരിയാർ ജലനിരപ്പ് 139 അടിയായി എന്നുംമറ്റുമാണ്. ഞങ്ങൾ, ഒരു സാങ്കേതിക സമിതി 136 അടിയിൽ കൂടുതൽ പെരിയാറിന്റെ വെള്ളം സ്റ്റോർ ചെയ്യാൻ പാടില്ല എന്ന നിയമംതന്നെ കൊണ്ടുവരണമെന്നു കേന്ദ്ര ഗവൺമെന്റിനോട് അപേക്ഷിച്ചതാണ്. അതൊന്നു ഇവിടെ റിവൈസ് ചെയ്യാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് പറഞ്ഞത് ശരിയാണ്. കേരള നിയമസഭതന്നെ ഒരു പ്രമേയം പാസ്സാക്കിയിട്ടുണ്ട്. 136 അടിക്ക് അപ്പുറത്തേക്ക് വെള്ളം സംഭരിക്കുന്ന സാഹചര്യം ഉണ്ടാകരുതെന്ന്. പ്രത്യേകം ചില ദിവസങ്ങളിൽ 136 അടിക്ക് മുകളിൽ ജലനിരപ്പ് പോയിട്ടുണ്ട്. 1960-നുശേഷം 18 പ്രാവശ്യം 136 അടിയിൽ കവിഞ്ഞിട്ടുണ്ട്. 136 അടി എന്നു തീരുമാനിച്ച 1979-നു ശേഷം ഏതാണ്ട് 10 പ്രാവശ്യം 136 അടിക്ക് മുകളിലേക്ക് പോയിട്ടുണ്ട്. പക്ഷേ 136 അടിക്ക് മുകളിലേക്ക് പോകുമ്പോൾ എതാനും ദിവസങ്ങൾ മാത്രമെ അത് നിൽക്കുകയുള്ളു. ഡാമിലേക്ക് വന്നുവീഴുന്ന നീരൊഴുക്കും ഡാമിൽനിന്നു പുറത്തേക്ക് പോകുന്ന ഡിസ്ചാർജും തമ്മിലുള്ള അനുപാതം ഈകാൽ ആകാത്തതുകൊണ്ടാണ് ഡാമിൽ ഈ ഫ്ളഡ് വാട്ടർ കൂടി നിൽക്കാൻ സാഹചര്യം ഉണ്ടാകുന്നത്. അതുകൊണ്ട് ഈ ഡാമിൽനിന്നുള്ള ഡിസ്ചാർജ് 5500 ക്യൂസെക്സാണ്. നമ്മൾ മൂന്നു സ്പിൽവേ കൂടി ഉണ്ടാക്കുന്നതിനുമുമ്പ് 2800 ക്യൂസെക്സ് ആയിരുന്നു ആ ഡിസ്ചാർജ്. പക്ഷേ മൂന്നു സ്പിൽവേ കൂടി ഉണ്ടാക്കിക്കഴിഞ്ഞപ്പോൾ 5500 ക്യൂസെക്സ് ആയി മാറിയിട്ടുണ്ട്. അതുകൊണ്ട് ഡാമിനുള്ളിലേക്ക് വരുന്ന നീരൊഴുക്കും പുറത്തേക്കുള്ള നീരൊഴുക്കും തമ്മിലുള്ള അനുപാതത്തിലുള്ള വ്യത്യാസമാണ് 1979 മുതൽ ഡാമിൽ ഉണ്ടായിട്ടുള്ള വെള്ളത്തിന്റെ വർദ്ധനവിന് കാരണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് 136 അടിയിൽ അധികം ആയാൽ അത് സുരക്ഷയെ ബാധിക്കുമെന്ന റിപ്പോർട്ട് 1979-ലെ സെൻട്രൽ വാട്ടർ കമ്മീഷൻ നൽകിയതാണ്. അതിനുശേഷം ആറ് വർഷത്തിനിടയിൽ ഈ തവണയാണ് ഏറ്റവും കൂടിയ നിലയിൽ ജലനിരപ്പ് ഉയർന്നിരിക്കുന്നത്. 140 അടിയായി വെള്ളം ഉയർന്നു. 136 അടിയിൽ ഒരിഞ്ചു പോലും അധികരിക്കില്ലെന്നും അങ്ങനെ വന്നുകഴിഞ്ഞാൽ ശക്തമായിട്ട് ആവശ്യമായ കാര്യങ്ങൾ ചെയ്യുമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ നിയമസഭയ്ക്ക് ഉറപ്പ് നൽകിയതിനുശേഷം 136 അടിയിൽ നിന്ന് 140 അടി വരെയായി ഡാമിലെ ജലനിരപ്പ് ഉയർന്നപ്പോൾ അവിടെ ഉദ്യോഗസ്ഥന്മാർ എന്തു ചെയ്യുകയായിരുന്നു? അവിടെ നിന്ന് ഈ ജലം മുഴുവൻ ഇടുക്കി ഡാമിലേക്ക് ഒഴുകി എത്തിയിരുന്നെങ്കിൽ നമുക്ക് 40 കോടി രൂപയുടെ വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കാൻ കഴിയുമായിരുന്നു. സംസ്ഥാനത്തിനു 40 കോടി രൂപയുടെ നഷ്ടം സംഭവിക്കത്തക്കവിധത്തിൽ ഈ നിരുത്തരവാദപരമായ നിലപാട് സ്വീകരിച്ചത് ആരാണ്; ഈ സ്പിൽവേയുടെ തടസ്സം നീക്കം ചെയ്യുന്നതിനു ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാർ ആരായിരുന്നു, അവർ അങ്ങനെ ചെയ്യാതിരുന്നതിന്റെ പേരിൽ സംസ്ഥാന ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; മന്ത്രി അവിടെ പരിശോധിച്ചതിനുശേഷം ഇതുസംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇത് നമ്മുടെ ഒരു പൊതു വികാരമാണ്. പ്രതിപക്ഷ-ഭരണകക്ഷി പ്രശ്നമായി ഇത് കൊണ്ടുപോകാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയുകയില്ല. സഭയുടെയും കേരള സമൂഹത്തിന്റെയും ഒരു പൊതുവികാരമാണ്. ഈ പ്രാവശ്യം 140 അടിവരെ ജലനിരപ്പുയർന്നു എന്നു പറഞ്ഞു. പക്ഷേ, 139.2 അടിവരെയാണ് വെള്ളത്തിന്റെ വർദ്ധനവ് വന്നത്, ജലനിരപ്പ് കൂടിയത്. ഈ ഡാമിന് 8000 ഏക്കർ സ്ഥലമുണ്ട്. 1886-ൽ 999 വർഷത്തേക്ക് തമിഴ്നാട് ഗവൺമെന്റിന് ലീസിന് കൊടുത്തതാണ്. അതിനുശേഷം 1970-ൽ അത് റിവാലിഡേറ്റ് ചെയ്തു. അവരുടെ കൈയിൽ ആ എഗ്രിമെന്റ് ഇപ്പോൾ സാധുകരിക്കപ്പെട്ട രൂപത്തിൽ നിൽക്കുകയാണ്. ആ ഡാമും സൈറ്റും പരിരക്ഷിക്കാനും അതിന്റെ മെയിന്റനൻസ് നടപടികൾ എടുക്കാനും തമിഴ്നാടിനു മാത്രമേ അവകാശമുള്ളൂ. നമുക്ക് അതിനുള്ള ടെറിട്ടോറിയൽ ജൂറിസ്ഡിക്ഷൻ, നമ്മൾ ലീസിന് കൊടുത്ത ഭൂമിയാണെന്നുള്ളതു കൊണ്ട് നിയമപരമായ പ്രശ്നമാണ്. ഞാൻ ഇപ്പോൾ അതിനെക്കുറിച്ച് ഒന്നും പറയുന്നില്ല. തമിഴ്നാടിനോട് നമ്മൾ ആവശ്യപ്പെട്ടു. കേരളത്തിലെ ജനങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കുകയെന്നുള്ള പ്രാഥമിക ഉത്തരവാദിത്വം സംസ്ഥാന ഗവൺമെന്റിനുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ആവർത്തിച്ചാവർത്തിച്ചു ഈ ജല നിരപ്പ് 136 അടിയിൽത്തന്നെ ഒതുക്കി നിർത്തുന്നതിനുവേണ്ടിയുള്ള നടപടി എടുക്കണമെന്നു പറഞ്ഞത്. ദൗർഭാഗ്യകരമെന്നു പറയട്ടെ നമ്മൾ പറഞ്ഞ വാക്കുകൾ പാലിക്കാൻ അവർ തയ്യാറായില്ല. ഞാൻ ദുഃഖത്തോടുകൂടി അനുസ്മരിക്കുന്നു; സാധാരണഗതിയിൽ ഇങ്ങനെ വളരെ അസാധാരണമായ ഒരു സാഹചര്യം ഉണ്ടാകുമ്പോൾ ആ സാഹചര്യത്തിനോട് പോസിറ്റീവായി പ്രതികരിക്കുന്നതിനുപകരം അത് ചെയ്തില്ല എന്നു മാത്രമല്ല ഞങ്ങൾക്ക് ഇതൊന്നും കിട്ടിയിട്ടില്ല എന്നു പറഞ്ഞ് ദുർബലമായ വാദഗതി ഉയർത്തുന്നതിനു വേണ്ടിയാണ് അവരിൽ ചില ആളുകൾ ശ്രമിച്ചത്. അത് വളരെ ദുഃഖകരമായിപ്പോയി. അത് പ്രതിഷേധാർഹമാണ്. അതിനേക്കാൾ അപ്പുറത്ത് ഒന്നും ഫ്ളോറിൽ എനിക്ക് പറയാൻ കഴിയാത്തതുകൊണ്ട് ഞാൻ അതിലേക്ക് പോകുന്നില്ല. തമിഴ്നാടിനാണ് യഥാർത്ഥത്തിൽ ജലനിരപ്പ് 136 അടിയായി നിർത്താനുള്ള ബാധ്യത. ആ ബാധ്യത അവർ നിറവേറ്റിയില്ലെങ്കിൽ എന്ത് എന്ന ഒരു ചോദ്യമുണ്ട്. ആ ചോദ്യത്തിനു ഈ സഭ ഒരുമിച്ച് ഉത്തരം കണ്ടെത്തണമെന്നുള്ളതാണ് എന്റെ അഭിപ്രായം.

ശ്രീ. ഇ. എം. അഗസ്തി: സർ, നമ്മുടെ ജലസംഭരണിയുടെ അപകടസാദ്ധ്യതി ഒഴിവാക്കുന്നതിനെ സംബന്ധിച്ചുള്ള കാര്യങ്ങളാണ് ബഹുമാനപ്പെട്ട മന്ത്രി സഭയുടെ മുമ്പാകെ വിശദീകരിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട മുല്ലപ്പെരിയാർ അണക്കെട്ട് 120 വർഷത്തെ പഴക്കമുള്ളതും വളരെ പഴയ സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിച്ചതുമാണ്. മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷിതത്വത്തെ സംബന്ധിച്ച് ആശങ്ക ഉണ്ടായതിനെത്തുടർന്നാണ് 1979-ൽ സംഭരണ ശേഷി 152 അടിയിൽ നിന്നു 136 അടിയായി കുറയ്ക്കാനുള്ള തീരുമാനം കൈക്കൊണ്ടത്. 136 അടിയിൽ വെള്ളം അധികരിക്കില്ല എന്ന ഉറപ്പ് ഈ ഗവൺമെന്റ് മാത്രമല്ല മുൻ ഗവൺമെന്റും ഈ സഭയ്ക്കും അതുപോലെ കേരള സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും നൽകിയിട്ടുള്ളതാണ്. പക്ഷേ അടുത്ത ദിവസങ്ങളിൽ ഉണ്ടായ സമൃദ്ധമായ മഴയെത്തുടർന്നു ജലനിരപ്പ് 139 - 140 അടിയിലേക്ക് ഉയർന്നു എന്ന

LIBRARY ARCHIVES Kerala Legislative Assembly

അറിയിപ്പ്, ഡാമിന്റെ താഴെയുള്ള പ്രദേശത്ത് താമസിക്കുന്ന ആളുകൾക്ക് വലിയ ആശങ്ക ഉണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയും അതുപോലെ തന്നെ പ്രതിപക്ഷനേതാവും ഇടുക്കിയിൽ നിന്നുള്ള എം.എൽ.എ.മാരും ഉൾപ്പെടെയുള്ളവർ ആ പ്രദേശം സന്ദർശിച്ചപ്പോൾ ഞങ്ങൾക്ക് കാണാൻ കഴിഞ്ഞത് 100 - 120 വർഷക്കാലമായി ഇല്ലാതിരുന്ന പുഴ ഉണ്ടാകുന്ന സ്ഥിതിവിശേഷമാണ് ഉണ്ടായിട്ടുള്ളത്. അതുപോലെതന്നെ മറ്റൊരു പ്രശ്നമുള്ളത് സഹ്യപർവ്വതത്തിലെ ഏറ്റവും സമൃദ്ധമായ വന പ്രദേശമാണ് ഈ അണക്കെട്ട് സ്ഥിതിചെയ്യുന്ന സ്ഥലം. 900 ഹെക്ടർ സമ്പുഷ്ടമായ വനപ്രദേശമാണ്. ഔട്ട് ഫ്ളോ കുറയുകയും ഇൻഫ്ളോ കൂടുകയും ചെയ്യുമ്പോൾ വെള്ളത്തിന്റെ നീരൊഴുക്കിന് തടസ്സം ഉണ്ടാകുമെന്നു ഈ സഭയിൽ ബഹുമാനപ്പെട്ട മന്ത്രി അറിയിക്കുകയുണ്ടായി. 900 ഹെക്ടർ വനപ്രദേശത്ത് എപ്പോൾ എത്രമാത്രം മഴ ലഭിക്കുമെന്നു നമുക്ക് മുൻകൂട്ടി പ്രവചിക്കാൻ യാതൊരു സാഹചര്യവും ഇല്ലാതെ വരികെ ഈ വാണിംഗ് പോയിന്റ് 136-ൽ അധികരിക്കുമ്പോൾ മാത്രം സ്പിൽവേ തുറക്കും എന്ന സ്ഥിതിയിലേക്ക് പോയാൽ ഒരു സംശയവും വേണ്ട വലിയ അപകടങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ട്. അതുകൊണ്ട് ഈ വാണിംഗ് ലൈൻ എത്രയാണെന്നു ഒന്നു വ്യക്തമാക്കണം, അതുസംബന്ധിച്ച് വ്യക്തമായ പഠനം നടത്തണം. ജലനിരപ്പ് 136 അടിയിൽ എത്തുമ്പോൾ മാത്രം സ്പിൽവേ തുറന്നു നീരൊഴുക്ക് നിയന്ത്രിക്കാൻ ശ്രമിച്ചാൽ ഒരിക്കലും അത് സുരക്ഷിതമായ ലൈൻ ആയിരിക്കില്ല. അതുകൊണ്ട് ഈ കാര്യത്തിൽ ആളുകളുടെ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനും ഡാമിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും സംസ്ഥാന ഗവൺമെന്റ് നൽകിയിരിക്കുന്ന ഉറപ്പുകൾ പാലിക്കുന്നതിനും ജലനിരപ്പ് 136 അടിയിൽ എത്തുമ്പോൾ മാത്രമെ സ്പിൽവേ തുറക്കു എന്ന തീരുമാനം മാറ്റി 134-ലോ 135-ലോ ജലനിരപ്പ് എത്തുമ്പോൾ തന്നെ സ്പിൽവേ തുറക്കുന്നതിനും നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ? അതുപോലെ തന്നെ സ്പിൽവേയുടെ മുമ്പിലെ എല്ലാ തടസ്സങ്ങളും നീക്കണം. തടസ്സങ്ങൾ എല്ലാവരും കണ്ടതാണ്—വലിയ മരങ്ങൾ വളർന്നു നിൽക്കുകയാണ്. അത് ഒരു വർഷം കൊണ്ട് വളർന്നതല്ല; രണ്ടോ മൂന്നോ വർഷം കൊണ്ട് വളർന്നതല്ല. കഴിഞ്ഞ കുറെ വർഷങ്ങളായി സ്പിൽവേയുടെ മുമ്പിൽ കൂട്ടിയിട്ട മണ്ണും കല്ലും എല്ലാം കിടക്കുകയാണ്. മരങ്ങൾ വളർന്നിരിക്കുന്നു. ഈ തടസ്സങ്ങൾ നീക്കാനും സുരക്ഷിതത്വം ഉറപ്പുവരുത്താനുമായി എന്ത് നടപടി സ്വീകരിക്കുമെന്നു വ്യക്തമാക്കാമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് പറഞ്ഞതുപോലെ 1964-ൽ 152 അടിയായി അതിന്റെ ജലനിരപ്പ് കുറച്ചു. 1978-ൽ 145 അടിയായി അതിന്റെ ജലവിതാനം കുറച്ചു. 1979-ൽ 136 അടിയായി ജലനിരപ്പ് കുറയ്ക്കുന്നതിനുള്ള തീരുമാനം എടുത്തു. ജലനിരപ്പ് 136 അടിയായി താഴ്ത്തി ഡാമിന്റെ സ്പിൽവേ ഷട്ടറുകൾ പൂർണ്ണമായി ഉയർത്തിവയ്ക്കുക എന്നുള്ളതാണ്. ബഹുമാനപ്പെട്ട ഇ. എം. അഗസ്തിയുടെ നിയോജകമണ്ഡലത്തിൽപ്പെട്ടതാണ് ഈ സ്ഥലം; അദ്ദേഹവും ഞങ്ങളോടൊപ്പം മുല്ലപ്പെരിയാർ ഡാം സന്ദർശിക്കാൻ ഈ പ്രാവശ്യവും

LIBRARY ARCHIVES Kerala Legislative Assembly

വന്നിരുന്നു. ഇതിനുമുമ്പ് ശ്രീ. ഇ. എം. അഗസ്തി അടക്കം ശ്രീ. കോടിയേരി ബാലകൃഷ്ണൻ അടക്കം ശ്രീ. കെ. പി. രാജേന്ദ്രൻ അടക്കം ഞങ്ങളുടെ സബ്ജക്ട് കമ്മിറ്റി-III അന്ന് ശ്രീ. ടി. എം. ജേക്കബ് മന്ത്രിയായിരുന്നു. അദ്ദേഹമായിരുന്നു ആ സബ്ജക്ട് കമ്മിറ്റിയുടെ ചെയർമാൻ-ഞങ്ങൾ എല്ലാവരുംകൂടി ഈ മുല്ലപ്പെരിയാർ ഡാം സന്ദർശിക്കുകയുണ്ടായി. അപ്പോൾ എല്ലാം നമുക്ക് 136 അടി എന്നുള്ള കാര്യത്തിൽ തർക്കമില്ല. ഇവിടെ ശ്രീ. അഗസ്തി പറഞ്ഞ ഒരു പ്രധാനപ്പെട്ട കാര്യമുണ്ട്. ജലവിതാനം 136 അടിയിൽ എത്തിക്കഴിയുമ്പോൾ അവിടെ വച്ചാണ് ഈ സ്പിൽവേ തുറന്നു വിട്ടിരിക്കുന്നത്. 136 അടിയിൽ എത്തിയെങ്കിലേ പുറത്തേക്ക് ഒഴുക്ക് തുടങ്ങു. സാധാരണ ഡാമുകൾക്ക് അതിനു മുമ്പ് വാണിംഗ് ലൈൻ ഉണ്ടാകും. പക്ഷേ ഇവിടെ അത് ഇല്ല. 136 അടിയിൽ എത്തുന്നതുവരെ സ്വാഭാവികമായ ഒഴുക്ക് മാത്രമാണ്. അപ്പോൾ 136 അടിയിൽ എത്തുന്നതിനുമുമ്പ് ഒരു നടപടിയിലേക്ക് പോകുന്നതിനെക്കുറിച്ച് ആലോചിക്കാൻ പോലും കഴിയില്ല എന്ന രൂപത്തിലാണ് ഇപ്പോൾ ആ ഡാമിന്റെ സ്പിൽവേയുടെ പൊസിഷൻ നിൽക്കുന്നത്. എന്നുമാത്രമല്ല 136 അടി എത്തുമ്പോൾ വെള്ളം ഒഴുകേണ്ട സ്ഥലത്ത് നിലനിൽക്കുന്ന തടസ്സങ്ങൾ നീക്കണം. ഈ രണ്ട് പ്രധാനപ്പെട്ട പ്രശ്നങ്ങളുണ്ട്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഇത് സംബന്ധിച്ച് നമ്മുടെ സഭയുടെ ഒരു ജനറൽ കോൺസൺസസ്സ് ഉണ്ടാകണം. രണ്ട് സംസ്ഥാനങ്ങൾ തമ്മിലുള്ള യുദ്ധമോ അല്ലെങ്കിൽ കലഹമോ ആകാതെ നമ്മുടെ സഭയുടെ പൊതു കോൺസൺസസ്സ് ഉണ്ടാക്കി നമുക്ക് ഇക്കാര്യത്തിൽ പ്രാക്ടിക്കലായ ഒരു നടപടി എടുക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ അഭിപ്രായം.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഇവിടെ ശ്രീ. സി. മമ്മൂട്ടി ചോദിച്ച ചോദ്യത്തിന്റെ മറുപടിയായി പറഞ്ഞു, ലാ ഡിപ്പാർട്ടുമെന്റിൽ നിന്നും അംഗീകാരം കിട്ടാത്തതുകൊണ്ടാണ് ചട്ടം ഉണ്ടാക്കാത്തതെന്ന്. ഡാം സേഫ്റ്റി അതോറിറ്റി ഉണ്ടാക്കാൻവേണ്ടി 2003-ൽ നമ്മൾ പാസ്സാക്കിവച്ച നിയമമാണ്. രണ്ട് വർഷം കഴിഞ്ഞിട്ടും അതിന്റെ ചട്ടം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. അത് തമിഴ്നാടിന്റെ കുറ്റം കൊണ്ടല്ലല്ലോ. മറ്റാരുടേയും കുറ്റം അല്ലല്ലോ. നമുക്ക് കഴിഞ്ഞിട്ടില്ല. എന്റെ ചോദ്യം ഇപ്പോൾ 136 അടി എന്ന് മന്ത്രി പറഞ്ഞത് പ്രതിപക്ഷനേതാവും എം.എൽ.എ. മാരുമൊക്കെ പോയി, അങ്ങയുടെ പ്രസ്താവനയും വായിച്ചു. അതിനുശേഷമാണ് തമിഴ്നാട് മന്ത്രി അവിടെ വന്ന് വിവാദപരമായ പ്രസ്താവന ഇറക്കിയത്. അതിന് അങ്ങയുടെ തൃശ്ശൂരിൽ നിന്നുമുള്ള മറുപടിയും നമ്മളെല്ലാവരും വായിച്ചതാണ്. 142 അടി എന്നുപറഞ്ഞ തമിഴ്നാട് ഇപ്പോൾ 146 അടി എന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. നമ്മൾ 136-ഉം അവർ 152-ഉം വേണമെന്നു പറഞ്ഞ് നിൽക്കുന്ന സാഹചര്യത്തിൽ 140 അടി വെള്ളം അവിടെ പിടിച്ചു എന്നുള്ളത് ഇപ്പോൾ സ്ഥിരീകരിക്കപ്പെട്ടു. ആ സാഹചര്യത്തിൽ സുപ്രീംകോടതിയിലുള്ള കേസിന്റെ സ്ഥിതി എന്തായിരിക്കും; അതുസംബന്ധിച്ച് എന്തെങ്കിലും ആലോചനകളോ ചർച്ചകളോ നടത്തിയിട്ടുണ്ടോ; നമ്മുടെ കേസ് ദുർബലപ്പെടുത്താതിരിക്കാനും കേസിൽ നമ്മുടെ ഭാഗം വേണ്ടതുപോലെ വാദിച്ച് ജയിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

GPM. 2/609/2012—3

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സുപ്രിംകോടതിയിൽ കേസ് വരുന്നതിന് മുമ്പും പിമ്പും ചില പ്രത്യേക സന്ദർഭങ്ങളിൽ 146 അടിക്ക് മുകളിലേക്ക് ജലനിരപ്പ് പോയിട്ടുണ്ട്. ജലസംഭരണത്തിനുള്ള ഡാമിന്റെ ശേഷി 156 അടിയാണ്. ഹ്രസ്വ വാട്ടർ ഒഴുകിപ്പോകുന്നതിന് തടസ്സമുള്ളതുകൊണ്ട് ഒന്നോ രണ്ടോ ദിവസം കിടക്കുന്നത് ഒരു വാദഗതിയായി കോടതി അപ്രീഷ്യേറ്റ് ചെയ്യുമെന്ന് ഒരു വക്കീലായ എനിക്ക് തോന്നുന്നില്ല. 1997 നവംബർ 10-ന് 139.7 എന്നു പറഞ്ഞാൽ ഇപ്പോൾ വന്ന അത്രയും ലെവലിലേക്ക് വെള്ളം എത്തിയിരിക്കുന്നു. 1998 ഡിസംബർ 13-ാം തീയതി 139.7. വീണ്ടും അത്രതന്നെ വെള്ളം എത്തിയിരിക്കുന്നു. 2000 ഓഗസ്റ്റ് 30-ാം തീയതി 138-ൽ എത്തിയിരിക്കുന്നു. അതൊന്നും നമ്മുടെ കേസിനെ ദുർബലപ്പെടുത്താൻ പര്യാപ്തമേ അല്ല. ഒരു കാര്യംകൂടി സംശയരഹിതമായി ഞാൻ പറയാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ പറഞ്ഞതാണ്. 136 അടിക്ക് മുകളിലേക്ക് വെള്ളം നിൽക്കുന്നതിന് എന്തെല്ലാം തടസ്സമുണ്ടോ അത് നീക്കുന്നതിന് നമുക്ക് സംയുക്തമായി നീങ്ങണം. അതാണ് ഗവൺമെന്റിന്റെ നിലപാട്.

ശ്രീ. ജോർജ്ജ് ജെ. മാത്യു: സർ, 120 വർഷം പഴക്കമുള്ള ഡാമിന്റെ സുരക്ഷിതത്വത്തെക്കുറിച്ച് എല്ലാവർക്കും സംശയമുണ്ട്. ഏതാണ്ട് പത്ത് വർഷം മുമ്പ് ഗ്രൗട്ടിംഗ് നടത്തി ഡാമിനെ ബലപ്പെടുത്തുന്ന സാഹചര്യമുണ്ടായി. ഈ ഗ്രൗട്ടിംഗ്കൊണ്ട് എന്തെങ്കിലും ഫലമുണ്ടായോ; ഇത്രയും പഴക്കമുള്ള ഡാമിന്റെ സുരക്ഷിതത്വത്തിനായി എന്ത് നടപടി സ്വീകരിക്കാനാണ് സർക്കാർ ആലോചിക്കുന്നത്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ആ ഡാമിൽ രണ്ടു പ്രാവശ്യം ഗ്രൗട്ടിംഗ് നടത്തിയിട്ടുണ്ട്. അതോടൊപ്പംതന്നെ മറ്റു ചില നടപടികൾകൂടി എടുത്തിട്ടുണ്ട്. ഗ്രൗട്ടിംഗ് നടത്തുന്നതും മറ്റ് നടപടികളെടുക്കുന്നതും 136 അടിക്ക് മുകളിൽ വെള്ളം നിർത്തുന്നതിനുവേണ്ടി സാധൂകരിക്കാൻ പറ്റുന്ന ആർഗ്യുമെന്റ് അല്ല. നമ്മൾ അത് ആർഗ്യുമെന്റായി കാണുന്നുമില്ല. അതുകൊണ്ട് 136 അടിക്കുമുകളിൽ വെള്ളം നിറുത്തുന്ന കാര്യം ഡയല്യൂട്ട് ചെയ്യാൻ ഇതുപോലുള്ള ബലപ്പെടുത്തൽ ആർഗ്യുമെന്റായി കാണാൻ കഴിയില്ല.

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, തമിഴ്നാട് ഗവൺമെന്റും അതിലെ ഉദ്യോഗസ്ഥന്മാരും മുല്ലപ്പെരിയാറിന്റെ സ്പിൽവേയിൽ തടസ്സങ്ങൾ സൃഷ്ടിച്ചിരിക്കുന്നത് മനഃപൂർവ്വം 136 അടിയെ മറികടക്കാൻവേണ്ടിയാണ്. ആ തടസ്സങ്ങൾ മാറ്റാനും ജലനിരപ്പ് 136 അടിയിൽത്തന്നെ നിജപ്പെടുത്തി നിർത്തുന്നു എന്ന് ഉറപ്പുവരുത്താനും നമ്മുടെ ഉദ്യോഗസ്ഥന്മാരാണ് ശ്രമിക്കേണ്ടത്. എന്നാൽ ഈ ഉദ്യോഗസ്ഥന്മാർ തമിഴ്നാടിന്റെ വാഹനങ്ങളും ബോട്ടുകളുമാണ് ഈ ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നത് എന്നുള്ള ഒരു ആക്ഷേപം പത്രങ്ങളിൽ വന്നിട്ടുണ്ട്. ഇങ്ങനെ തമിഴ്നാടിന്റെ വാഹനം ഉപയോഗിച്ചുകൊണ്ട് എങ്ങനെയാണ്

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നത്; അതുസംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എന്താണ് ഗവൺമെന്റിന്റെ നിലപാട്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ശ്രീ. കെ. കെ. ജയചന്ദ്രൻ അന്ന് അവിടെ വരുമെന്ന് ഞാൻ പ്രതീക്ഷിച്ചിരുന്നതാണ്. താങ്കൾ വന്നില്ലല്ലോയെന്ന് ഞാൻ പറയുകയും ചെയ്തു. മൂന്നാം തീയതി അവിടെ പോകാനാണ് നിയമസഭയിൽവച്ച് തീരുമാനമെടുത്തത്. രണ്ടാം തീയതിതന്നെ ഉദ്യോഗസ്ഥന്മാരോട് അവിടെ പോകണമെന്ന് നിർദ്ദേശം കൊടുത്തിരുന്നു. ഡാം സേഫ്റ്റി അതോറിറ്റിയെക്കുറിച്ച് ഇവിടെ പറഞ്ഞു. പക്ഷേ, ഡാം സേഫ്റ്റി അതോറിറ്റിയെക്കാൾ പ്രധാനപ്പെട്ട നമ്മുടെ ഉദ്യോഗസ്ഥന്മാർ അടങ്ങുന്ന ഡാം സേഫ്റ്റി കമ്മിറ്റിയുണ്ട്. എല്ലാ കാലത്തും ഈ ഡാം സേഫ്റ്റി കമ്മിറ്റി അവിടെ പരിശോധന നടത്താറുണ്ട്. 2004 ഫെബ്രുവരി മാസത്തിൽ ഡാം സേഫ്റ്റി കമ്മിറ്റിതന്നെ ചില നിർദ്ദേശങ്ങൾ അവരുടെ മുമ്പിൽ വച്ചിരുന്നു. ഇപ്രാവശ്യം ചീഫ് എൻജിനീയർ യാത്ര ചെയ്തപ്പോൾ ഒരു ബോട്ടിൽ മാറി കയറിപ്പോയി. രണ്ട് ബോട്ടുകൾ ഒരുമിച്ച് വരികയായിരുന്നു. ആദ്യത്തെ ബോട്ടിൽ കുറച്ചുപേർ കയറി. ചീഫ് എൻജിനീയർ ഒരു സ്ത്രീയാണ്. അവർ വന്നപ്പോൾ ആ ബോട്ട് മുമ്പോട്ട് നീങ്ങി. അവർ തൊട്ടു പുറകിൽ വന്ന ബോട്ടിൽ കയറി. അതിന്റെ ബോർഡും നമ്പരും ഒന്നും നോക്കിയല്ല അവർ കയറിയത്. ആ ബോട്ട് തമിഴ്നാട് ഗവൺമെന്റിന്റേതാണെന്നുള്ളത് സത്യമാണ്. ഇത് ഒരു വലിയ കുറ്റമായി കരുതി അവരെ ശിക്ഷിക്കണമെന്നു പറയുന്നതിൽ അർത്ഥമില്ല. മാത്രമല്ല, മുല്ലപ്പെരിയാറിൽ എത്താത്ത ആളുകൾ പോലും പത്രങ്ങളിൽ മുല്ലപ്പെരിയാർ സാഹിത്യം എഴുതുന്നുണ്ട്. ഇന്നത്തെ പത്രത്തിൽ പോളിറ്റ് ബ്യൂറോ ഇടപെട്ടതുകൊണ്ടാണ് മാർക്സിസ്റ്റ് പാർട്ടി മുല്ലപ്പെരിയാറിന്റെ കാര്യത്തിൽ നിലപാടുകൾ കോംപ്രമൈസ് ചെയ്യുന്നത് എന്നു പറയുന്നു. ഞാൻ ഇതൊന്നും വിശ്വസിക്കുന്നില്ല. പത്രങ്ങൾ പല കഥകളും എഴുതും. അതൊന്നും നമുക്ക് വേണ്ട. ഈ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി നമുക്ക് മുന്നോട്ടു പോകാം.

ശ്രീ. കെ. എ. ചന്ദ്രൻ: സർ, ഈ വർഷം കാലവർഷം മെച്ചപ്പെട്ട നിലയിൽ നമ്മെ അനുഗ്രഹിച്ചിട്ടുണ്ടെങ്കിലും ഒരു തുള്ളി മഴപോലും ക്യാച്ച്മെന്റ് ഏരിയയിൽ ലഭിക്കാത്ത ഒരിടത്തുനിന്നാണ് ഞാൻ വരുന്നത്. ചുള്ളിയാർ ഡാമിന്റെ ക്യാച്ച്മെന്റ് ഏരിയയിൽ മഴ ഇതുവരെ ലഭിച്ചിട്ടേയില്ല. ചുള്ളിയാർ ഫലവത്താക്കുന്നതിനുവേണ്ടി ഞാൻ സ്ഥിരം പറയുന്ന പലകപ്പാണ്ടി പദ്ധതി കഴിയുന്നതുംവേഗം നടപ്പിലാക്കണം. ബഹുമാന്യരായ സാമാജികർ പലകപ്പാണ്ടി എന്നുകേൾക്കുമ്പോൾ തമാശരൂപത്തിൽ ചിരിക്കുന്നത് അഭിമാനത്തോടെ ഉൾക്കൊള്ളുന്ന ഒരു സാമാജികനാണ് ഞാൻ. കൊല്ലങ്കോട് നിയോജകമണ്ഡലത്തിൽനിന്നു വരുന്ന ഒരു സാമാജികന് ഇതിനെക്കുറിച്ച് ചൊല്ലാതെ മറ്റ് വരികളൊന്നും പാടാൻ കഴിയില്ല. ആളിയാർ അണക്കെട്ടിൽ വെള്ളം നിറയുകയും വാണിംഗ് ലൈനിൽ എത്തുകയും ചെയ്തതായി വാർത്ത വന്നിട്ടുണ്ട്. അധികവെള്ളം തള്ളിവിടുമ്പോൾ അതിൽനിന്നും

LIBRARY ARCHIVES Kerala Legislative Assembly

ലഭിക്കുന്ന വെള്ളം വേണ്ടതുപോലെ എടുത്ത് സൂക്ഷിക്കാൻ വയ്ക്കുന്ന രണ്ട് പാത്രങ്ങളാണ് മീങ്കരയും ചുള്ളിയാറും. നിതാന്ത ജാഗ്രതയോടുകൂടി അത്തരം കാര്യങ്ങൾ നടത്താൻ ബഹുമാനപ്പെട്ട മന്ത്രി വേണ്ട നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നതോടൊപ്പം ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണന്റെ ചോദ്യത്തിന് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ജലവിനിയോഗവും സംഭരണവും സംബന്ധിച്ച് തമിഴ്നാട് സർക്കാർ സ്വീകരിക്കുന്ന നിലപാടുകളെക്കുറിച്ച് പറയുകയും പ്രതിഷേധം അറിയിക്കുകയും ചെയ്തത് നമ്മുടെ അഭിമാനവും അന്തസ്സും ഉയർത്തുന്നതാണ്. ആ നിലപാട് മുല്ലപ്പെരിയാറിന്റെ കാര്യത്തിൽ മാത്രമല്ല, പറമ്പിക്കുളം-ആളിയാറിൽക്കൂടി ഉണ്ടാകുകയും പറമ്പിക്കുളം-ആളിയാർ കരാർ സംബന്ധിച്ച നടപടി എന്തുമാത്രം ആയിട്ടുണ്ട്; കരാർ അനുസരിച്ച് അവർ നമുക്ക് നൽകേണ്ടുന്ന വെള്ളം നൽകണമെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ടോ? കരാർ ലംഘനത്തിന് സഹായകരമാകുന്ന ഒരു നിലപാട് ഒരു കാരണവശാലും സ്വീകരിക്കാൻ പാടില്ല. അതിന്റെ നടപടികളെക്കുറിച്ച് സഭയിൽ വിവരം നൽകാൻ കഴിയുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗം മൂന്നു ചോദ്യങ്ങളാണ് ചോദിച്ചത്. അതിലൊന്ന് മീൻകര സംബന്ധിച്ച്, അവിടെ ഗായത്രി സ്റ്റേജ്-1 ഡാമിനെ സംബന്ധിച്ച്, രണ്ടാമത്, ഗായത്രി സ്റ്റേജ്-2 എന്നു പറയുന്ന ചുള്ളിയാർ ഡാമിനെ സംബന്ധിച്ച്, മൂന്നാമത്തേത്, പറമ്പിക്കുളം ആളിയാർ Inter-State water dispute-നെക്കുറിച്ചുള്ള പരാമർശം. അങ്ങ് സാവകാശം തരികയാണെങ്കിൽ ഈ മൂന്നു ചോദ്യത്തിനും വിശദമായി ഉത്തരം പറയാം. ചുള്ളിയാർ ഡാം ചിറ്റൂർ താലൂക്കിലെ മുതലമട വില്ലേജിൽ ഭാരതപ്പുഴയുടെ പോഷകനദിയായ ചുള്ളിയാറിലാണ്. ഈ ഡാമിനെ ബന്ധിപ്പിക്കുന്ന പദ്ധതിയാണ് പലകപ്പാണ്ടി പദ്ധതി. ഇതുസംബന്ധിച്ച് നേരത്തെതന്നെ സഭയിൽ പറഞ്ഞിട്ടുള്ളതാണ്. പലകപ്പാണ്ടി പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി കേരളത്തിലെ ഏത് പദ്ധതി നടപ്പാക്കുന്നതിനെക്കാൾ വളരെ വേഗത്തിലാണ് നടപടി സ്വീകരിക്കുന്നത് എന്ന് സഭയെ അറിയിക്കുന്നു. ബഹുമാനപ്പെട്ട അംഗം അതിനുവേണ്ടി നടത്തുന്ന പ്രയത്നം എനിക്ക് വളരെയധികം സഹായകരമാകുന്നു എന്ന് നന്ദിയോടെ സ്മരിച്ചുകൊണ്ട് പലകപ്പാണ്ടി പദ്ധതി വളരെ വേഗത്തിൽ നിർമ്മാണം നടക്കത്തക്ക വിധത്തിൽ കാര്യങ്ങൾ നീക്കിക്കൊണ്ടിരിക്കുകയാണ് എന്നതറിയിക്കുന്നു. മീൻകര ഡാമിനെക്കുറിച്ച് നേരത്തെ പറഞ്ഞപോലെ മീൻകരയും ഇതുമായി ക്ലബ്ബ് ചെയ്താണ് ചോദ്യം ചോദിച്ചിട്ടുള്ളത്. പിന്നീടുള്ളത് പറമ്പിക്കുളം-ആളിയാർ, ഇത് Inter-State dispute-ൽപ്പെട്ട ഒരു കാര്യമാണ്. അത് മുഖ്യമന്ത്രിതല ചർച്ചയും, മന്ത്രിതല ചർച്ചയും, പിന്നീട് ചീഫ് സെക്രട്ടറിതല ചർച്ചയും അങ്ങനെ പല ഘട്ടങ്ങളിൽ നിൽക്കുകയാണ്. നമ്മൾ പറഞ്ഞ രണ്ടു കാര്യത്തിലും തീരുമാനം ഉണ്ടാക്കാമെന്ന് തമിഴ്നാട് മുഖ്യമന്ത്രി നമുക്ക് ഉറപ്പുനൽകിയിരുന്നു. ഒന്ന് നമുക്ക് 101 കെട്ടിടങ്ങൾ അവിടെ വിട്ടുകിട്ടേണ്ടതുണ്ട്. അതിൽ 21 കെട്ടിടങ്ങൾ ചർച്ചകൾക്കുശേഷം വിട്ടുതരാൻ തമിഴ്നാട് തീരുമാനിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

അത് ഗവൺമെന്റ് ഏറ്റെടുത്തു. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുകൂടി ഉൾപ്പെടുന്ന കാര്യമായതുകൊണ്ട് ആ കെട്ടിടങ്ങൾ നമ്മൾ ഏറ്റെടുത്ത് internal arrangements ചെയ്തിട്ടുണ്ട്. രണ്ടാമത്തെ കാര്യം അവിടെ അനധികൃതമായി പമ്പിംഗ് നടത്തിക്കൊണ്ടിരുന്ന മുപ്പതിലധികം പമ്പുകൾ ഉണ്ടെന്നാണ്. ആ പമ്പുകൾ മാറ്റണമെന്ന് മുഖ്യമന്ത്രിതല ചർച്ചയിൽ ഞങ്ങൾ ഉന്നയിച്ചതാണ്. അത് മാറ്റുവാൻ വേണ്ട നടപടി എടുക്കാം എന്ന് തമിഴ്നാട് മുഖ്യമന്ത്രി വാക്കാൽ ഉറപ്പു നൽകിയിരുന്നു. അതിനുശേഷം രണ്ടു ദിവസത്തിനകം അത് അവിടെനിന്ന് മാറ്റുകയും ചെയ്തു. പിന്നീട് ഗവൺമെന്റ് അറിവോടെ ആണോ എന്നറിയില്ല മാറ്റിയ പമ്പുകൾ വീണ്ടും മടങ്ങിയെത്തിയിരിക്കുകയാണ്. അത് പ്രൈവറ്റ് പ്രോപ്പർട്ടി ആണെന്നുള്ളതുകൊണ്ടും അവരുടെ പൊസ്സഷനിൽ ഇരിക്കുന്നതുകൊണ്ടും സ്വകാര്യമായി പമ്പുകൾ വയ്ക്കുന്നതായാണ് ഗവൺമെന്റിന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. അതും മാറ്റിക്കിട്ടാൻവേണ്ടിയുള്ള നടപടിക്കുവേണ്ടി തമിഴ്നാട് ഗവൺമെന്റിനുമേൽ നമ്മൾ സമ്മർദ്ദം ചെലുത്തും.

ശ്രീ. എം. വി. ജയരാജൻ: സർ, മുല്ലപ്പെരിയാർ ഡാം കേരളത്തിന്റെ മുഖ്യവിഷയമായി മാറിയിരിക്കുകയാണ്. ഡാമിന്റെ സുരക്ഷിതത്വവും അധികജലം നമുക്ക് ലഭിക്കുന്നില്ല എന്ന വിഷയവും. ശ്രീ. പി. സി. ജോർജ് ചെയർമാനായിട്ടുള്ള നിയമസഭാ പെറ്റീഷൻ കമ്മിറ്റി ഒട്ടേറെ സന്ദർഭങ്ങളിൽ മുല്ലപ്പെരിയാർ സന്ദർശിക്കുകയുണ്ടായി. ഡാമിനകത്ത് പോവുകയുമുണ്ടായി. ഡാമിന് അന്നുതന്നെ ചോർച്ചയുണ്ട്. സുർക്കകൊണ്ടുണ്ടാക്കിയതാണെന്നറിയാം. ചോർച്ച കൂടിവരുന്നു എന്ന റിപ്പോർട്ട് പരിഗണിച്ച് ഇപ്പോൾ ഒരു ടെക്നിക്കൽ കമ്മിറ്റി തന്നെ അതിന്റെ സുരക്ഷ പരിഗണിച്ചുണ്ടാക്കിയിട്ടുണ്ട്. അധികജലം നമുക്ക് ലഭിക്കാനും, കരാറിലെ വ്യവസ്ഥ പാലിക്കണം എന്ന കാര്യംവച്ചുകൊണ്ട് 136 അടി എന്നതിനു പകരം 120 അടി ആയി ജലവിതാനം കുറയ്ക്കണം എന്നതാണ് നിയമസഭാ സമിതിയുടെ ശുപാർശ. ആ നിലയിൽ ജലനിരപ്പ് കുറച്ചാൽ മാത്രമേ പ്രശ്നത്തിനു പരിഹാരമുണ്ടാകൂ. ശ്രീ. അഗസ്തി പറയുന്നപോലെ 136 അടിയായി ഈ ജലവിതാനം നിർത്തിയാലേ അവർക്ക് ജലം കൊണ്ടുപോകാൻ കഴിയൂ. കരാറിനപ്പുറം വൈദ്യുത പദ്ധതിക്കുവേണ്ടി ആ വെള്ളം ഉപയോഗിക്കാൻ തുടങ്ങിയിട്ടുണ്ട്, ആ പ്രശ്നവും ഒഴിവാക്കാൻ കഴിയണം. നമുക്ക് ഒരുതുള്ളി വെള്ളം കിട്ടുന്നില്ല. അതുകൊണ്ട് അതിന്റെ ജലവിതാനം വീണ്ടും കുറയ്ക്കാൻ കഴിയുന്ന നിലയിലുള്ള ഇടപെടലുകൾ, 120 അടിയായി നിജപ്പെടുത്തുന്നതിനുള്ള ഒരു തീരുമാനം തമിഴ്നാട് സർക്കാരുമായി ചർച്ച ചെയ്തുകൊണ്ട് എടുക്കാൻ സർക്കാർ തയ്യാറാവുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, 136 അടിയെന്നത് നമ്മളും തമിഴ്നാടും അംഗീകരിച്ചതാണ്. Central Water Commission-ൽ അത് തീരുമാനിച്ചതാണ്. Central Water Commission 1979-ൽ രണ്ടു സംസ്ഥാനത്തെയും ഉദ്യോഗസ്ഥരുമായി സംസാരിച്ചതിനുശേഷമാണ് അത് തീരുമാനിച്ചത്. നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യം 136 അടിയിൽ ഉറച്ചുനിൽക്കുകയെന്നുള്ളതാണ്. തമിഴ്നാടിന്റെ ആവശ്യം 136 അടിക്കപ്പുറം പോവുകയെന്നതുമാണ്. നമ്മളും തമിഴ്നാടും തമ്മിൽ water sharing സംബന്ധിച്ച് പ്രശ്നമില്ല. 1856-ലെ എഗ്രിമെന്റ് 1970-ൽ revalidate ചെയ്തതോടുകൂടി ആ ഡാമിലെ വെള്ളം മുഴുവൻ തമിഴ്നാടിന് അവകാശപ്പെട്ടതാണെന്ന നിലയിലാണ് വന്നെത്തിയിരിക്കുന്നത്. Water sharing-ന്റെ പ്രശ്നമില്ല. അവിടെ ഒഴുകുന്ന അധികജലമാണ് നമുക്ക് തരുന്നത്. അത് water sharing-ന്റെ ഭാഗമല്ല. ആ അധിക ജലം നമുക്ക് വരാതിരിക്കാൻവേണ്ടിയുള്ള അവരുടെ നടപടികളാണ് ചില പത്രങ്ങളിൽ കാണാൻ ഇടയായത്. Water sharing അല്ല, മറിച്ച് ഡാമിന്റെ സുരക്ഷിതത്വമാണ് പ്രധാനപ്പെട്ട പ്രശ്നം. ആ ഡാമിന്റെ സുരക്ഷിതത്വത്തിന് 136 അടിക്ക് അപ്പുറത്തേക്ക് ജലനിരപ്പ് പോകാൻ കഴിയില്ല എന്നതാണ്. 136 അടിയിൽത്തന്നെ അത് സീൽ ചെയ്യുക എന്നതാണ് ഗവൺമെന്റിന്റെ തീരുമാനം.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, വെള്ളത്തിന്റെ ക്ഷാമംനിമിത്തം പെരിങ്ങൽകുത്ത് പവർ ഹൗസിൽ ഒരു വർഷത്തിലെ ഭൂരിഭാഗം മാസങ്ങളിലും ആവശ്യത്തിന് ഇലക്ട്രിസിറ്റി ഉൽപ്പാദിപ്പിക്കാൻ സാധിക്കാതെ പോകുന്നു. വർഷകാലത്ത് പലയിടത്തും Overflow-യുടെ പ്രശ്നം ഉണ്ട്. മാധ്യമങ്ങളിൽ റിപ്പോർട്ടുവരുന്നത് കോടിക്കണക്കിന് രൂപയ്ക്ക് ഇലക്ട്രിസിറ്റി ഉൽപ്പാദിപ്പിക്കാനുതകുന്ന വെള്ളം കടലിലേക്ക് ഒഴുക്കിക്കളയുകയാണെന്നാണ്. ഇന്ന് നിയമസഭയിലും അതിന്റെ അനുരണനങ്ങൾ കേട്ടു. ആ നിലയ്ക്കുള്ള അപകടസ്ഥിതി വർഷകാലത്ത് ഉണ്ടാകാതിരിക്കാൻ ആവശ്യമായ ജലസേചന സൗകര്യങ്ങൾ ഉറപ്പാക്കാൻവേണ്ടി അതിരപ്പിള്ളി വെള്ളച്ചാട്ടത്തിന് താഴെ ഇട്ടിയാനിയെന്ന സ്ഥലത്ത് സ്റ്റോറേജ് ഡാം നിർമ്മിക്കുന്നതിന് ഒരു പഴയ പ്രോജക്ട് ഉണ്ട്. അത് പൊടിതട്ടിയെടുത്ത് ഒന്നു പ്രാവർത്തികമാക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതിനെക്കുറിച്ച്, വൈദ്യുതിമന്ത്രി ഇല്ലാത്ത സാഹചര്യത്തിൽ വൈദ്യുതി വകുപ്പിന്റെ ഒരു ഭാഗംകൂടി ചേർത്തുകൊണ്ട് പറയുകയാണ്. 5-8-2005-ലെ ജലനിരപ്പുവച്ച് ഇലക്ട്രിസിറ്റി ഉൽപ്പാദിപ്പിക്കുന്ന പ്രദേശങ്ങളിലെ ഡാമുകളിൽ- ഇടുക്കിയിൽ 732.43 മീറ്റർ വെള്ളമാണ് ഉണ്ടാകേണ്ടത്, 723.56 മീറ്റർ വരെ മാത്രമേ എത്തിയിട്ടുള്ളൂ. കക്കിയിലും അതുപോലുള്ള ഏഴു ഡാമുകളിലും അതായത്, ഷോളയാർ, കുറ്റിയാടി, പൊൻമുടി, കല്ലാർകുറ്റി, ലോവർ പെരിയാർ, മൂഴിയാർ ഇവിടെയെല്ലാം നമുക്ക് എത്തേണ്ട രൂപത്തിൽ മാക്സിമം ലെവലിൽ വെള്ളം എത്തിയിട്ടില്ല. അക്കൂട്ടത്തിൽ ഒന്നുകൂടി പറയുന്നു, മുല്ലപ്പെരിയാറിൽ 15 ടി.എം.സി. വെള്ളമാണ് ഡാമിൽ സംഭരിക്കാൻ കഴിയുന്നത് അവിടെനിന്ന് അധികമായി ഒഴുകുന്ന വെള്ളം ഇടുക്കി ഡാമിലേക്കാണ്. ഇടുക്കി ഡാമിൽ 70 ടി.എം.സി. വെള്ളം സംഭരിക്കാൻ കഴിയും. അതിന്റെ 59.60 ശതമാനത്തിനടുത്തുമാത്രമേ ജലനിരപ്പ് ഉയർന്നിട്ടുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ്: സർ, ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എം. വി. ജയരാജന്റെ ചോദ്യത്തിനുത്തരമായി പറഞ്ഞത് മുല്ലപ്പെരിയാറിലെ വെള്ളം നമ്മുടേതല്ലായെന്നാണ്. ആ ആർഗ്യുമെന്റാണ് നമ്മളെ ബുദ്ധിമുട്ടിക്കുന്നത്. മുല്ലപ്പെരിയാറിന്റെ വൃഷ്ടിപ്രദേശവും അതിലെ വെള്ളവും കേരള സർക്കാരിന്റേതാണ്. വൃഷ്ടിപ്രദേശവും സംഭരണിയുമെല്ലാം കേരളത്തിലാണ്. നമുക്ക് അധികജലമുണ്ട് എന്ന കാഴ്ചപ്പാടോടെ കേരള സർക്കാർതന്നെ ഒപ്പിട്ടുകൊടുത്തു എന്ന അബദ്ധമാണ് പറ്റിയിട്ടുള്ളത്. മുപ്പതുകൊല്ലം കഴിയുമ്പോൾ എഗ്രിമെന്റ് പുനഃപരിശോധിക്കാം. എന്നാൽ ഇന്നുവരെ ആ നിലയിലേക്ക് നീങ്ങിയിട്ടില്ല. നമ്മുടേതല്ല എന്നുപറയുന്നതുകൊണ്ട് പ്രശ്നം വളരെ വലുതാണ്. ഇന്നും "വഞ്ചി തിരുനക്കരെ തന്നെ" എന്ന സ്ഥിതിയാണ്. ഏതാണ്ട് പത്തുവർഷമായി നിയമസഭയിലും കേരളം മുഴുവനും ചർച്ചാവിഷയമായ പ്രശ്നമാണ് മുല്ലപ്പെരിയാർ. ഒരിഞ്ചുപോലും മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടില്ല. ആ സ്പിൽവേയുടെ മുൻപിൽ കൂട്ടിയിട്ടിരിക്കുന്ന മണ്ണെടുത്തുമാറ്റണമെന്ന് ആവശ്യപ്പെട്ട് 1997 മുതൽ മന്ത്രിതല ചർച്ച വരെ നടന്നു, അവർ അതിന് തയ്യാറായിട്ടില്ല. നമ്മുടെ ഉദ്യോഗസ്ഥന്മാർ ആ ഡാം സൈറ്റിൽ ഉണ്ടാവുകയും തീരുമാനം എടുക്കുകയും ഇക്കാര്യം ഒരു joint verification-ൽ മാത്രം അംഗീകരിക്കുകയും, തമിഴ്നാടിന് ഇഷ്ടംപോലെ ചെയ്യാൻ കഴിയില്ല എന്ന തീരുമാനം എടുക്കുകയും ചെയ്യാനുള്ള തന്റേടം കാണിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ തന്റേടത്തിന്റെയോ വെല്ലുവിളിയുടെയോ പ്രശ്നമല്ല. നിയമത്തിന്റെ പ്രശ്നമാണ്. 1970-ൽ നമ്മൾ revalidate ചെയ്തുകൊടുത്തതാണ്. ഇൻഡ്യക്കു സ്വാതന്ത്ര്യം കിട്ടുന്നതിനുമുൻപുള്ള പദ്ധതികൾ പുനഃപരിശോധിക്കുന്ന ഒരു സാഹചര്യത്തിൽ 1970-ൽ, അത് ചെയ്ത ആളുകളെ തള്ളിപ്പറയാൻ പറ്റുമോ? അത് ശരിയല്ല. രാഷ്ട്രീയപരമായി കുറ്റപ്പെടുത്താൻ പറ്റുമോ? അത് ശരിയാണോ, അബദ്ധം പറ്റിയതാണെന്ന് പറഞ്ഞാൽ അത് ശരിയാണോ? ഞാനത് പറയില്ല. ഞാനാരേയും കുറ്റപ്പെടുത്തുന്നില്ല. Water sharing അതിൽപ്പറഞ്ഞിട്ടുള്ള ഘടകമല്ല. ഡാമിന്റെ സേഫ്റ്റിയാണ് പ്രധാന ഘടകം. ഡാമിലെ വെള്ളത്തിന്റെ കാര്യം അന്ന് agreement revalidate ചെയ്യുന്ന കാലത്ത് ആലോചിക്കാൻ കഴിയുമായിരുന്നു. അങ്ങനെ ചെയ്യാൻ കഴിയുമായിരുന്നു എന്ന് ന്യായമായി പറയാൻ കഴിയും. പക്ഷേ, അതിന്റെ ലീഗൽ ആയിട്ടുള്ള പ്രശ്നമില്ലേ, അത് നമ്മുടെ flimsy argument-ൽ നിൽക്കില്ല. എന്നാൽ നമുക്കൊരു strong argument ഉണ്ട്. അത് 136 അടി ആയി എഗ്രിമെന്റ് ചെയ്യണമെന്നുള്ളതാണ്. അതിനപ്പുറത്തേക്ക് പോകാൻ സമ്മതിക്കരുത്. എന്നെ വെല്ലുവിളിച്ചുകൊണ്ട് അങ്ങ് ചോദിച്ചല്ലോ തന്റേടമുണ്ടോയെന്ന്? ഒരു കാര്യം ഞാൻ പറയാം, ഈ സഭ ഒറ്റക്കെട്ടായി നിന്നാൽ ജലനിരപ്പ് 136 അടിയിൽ നിർത്താനുള്ള എല്ലാവിധ നടപടികൾക്കും നമുക്കൊരുമിച്ചുനീങ്ങാം.

ശ്രീ. വർക്കല കഹാർ: സർ, ജലസംഭരണികളിലെ അപകടസ്ഥിതി ഒഴിവാക്കുവാനുള്ള നടപടികളെക്കുറിച്ചാണ് എന്റെ ചോദ്യം. മുല്ലപ്പെരിയാറിന്റെ

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങളാണ് ഇവിടെ സംസാരിച്ചത്. മറ്റൊരു കാര്യമാണ് എനിക്ക് പറയാനുള്ളത്. മണ്ണൊലിപ്പുമൂലം പല സംഭരണികളും അപകടസ്ഥിതിയിലാണ്. അവയ്ക്ക് കപ്പാസിറ്റി കുറഞ്ഞുവരുന്നു എന്നാണ് മനസ്സിലായിരിക്കുന്നത്. അതിനുള്ള കാരണങ്ങളിൽ ഒരു കാര്യംതന്നെ ഡാം സൈറ്റുകൾക്ക് അടുത്തുള്ള സ്ഥലങ്ങളിൽ വെട്ടും കിളയവും കാരണം മണ്ണൊലിപ്പ് കൂടുകയാണ് എന്നതാണ്. അതുമാത്രമല്ല കൃഷിസ്ഥലങ്ങളിൽ കീടനാശിനികളുടെ ഉപയോഗംമൂലം ജലസംഭരണികൾ മലീമസമാകുന്നുമുണ്ട്. ഒരു നിശ്ചിത വിസ്തൃതിക്കുള്ളിൽ കൃഷി ഉപയോഗിക്കുകയില്ലെന്ന് തീർച്ചപ്പെടുത്താമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അതൊക്കെ ഇപ്പോഴുള്ളതാണ്. കയ്യേറ്റങ്ങൾ ചിലത് ഉണ്ടാകുന്നുണ്ട്. കയ്യേറ്റക്കാരെ കണ്ടെത്തി അത് ഒഴിവാക്കുന്നതിനുള്ള നടപടി എടുക്കുന്നതാണ്. Desilting-നുള്ള നടപടി എടുക്കുന്നതാണ്. സംഭരണികളുടെ ആഴം കുറയ്ക്കുന്ന നടപടികൾക്കെതിരെ ആവശ്യമായ രൂപത്തിലുള്ള പ്രതിരോധ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീ. മത്തായി ചാക്കോ: സർ, മുല്ലപ്പെരിയാറിന്റെ കാര്യത്തിൽ ചോദ്യോത്തര വേള തുടങ്ങിയ സമയംമുതൽ മന്ത്രിസഭ ഒന്നിച്ചു നിൽക്കണം, കൺസൻസസ് വേണം എന്നു പറഞ്ഞുകൊണ്ടിരിക്കുകയാണ്. യഥാർത്ഥത്തിൽ വല്ലവർക്കും ഇതിൽ എതിരഭിപ്രായമുണ്ടോ? 136 അടിയിൽ കൂടുതൽ വെള്ളം അവിടെ സംഭരിക്കാൻ പാടില്ലെന്നുള്ള കാര്യത്തിൽ ഈ സഭയിൽ ആർക്കും എതിർപ്പില്ല. നേരത്തെ സഭ ഇതു സംബന്ധിച്ച് പ്രമേയം പാസ്സാക്കിയതാണ്. ഇവിടെ പ്രശ്നം 136 അടിയിൽ കൂടുതൽ വെള്ളം ഇവിടെ വരുമ്പോൾ അത് സ്പിൽവേവഴി പോകാൻ ആവശ്യമായിട്ടുള്ള സംവിധാനം ഇല്ല എന്നതാണ്. ഇവിടെ തടസ്സങ്ങളുണ്ട്. മണ്ണും കല്ലും ഉണ്ട്. അവിടെ ചെടി വച്ചുപിടിപ്പിച്ചിരിക്കുകയാണ്. അത് നീക്കാൻ ആവശ്യമായിട്ടുള്ള എന്ത് പ്രായോഗിക നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്നുള്ളത് സംബന്ധിച്ച് മന്ത്രി വ്യക്തമാക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പ്രതിപക്ഷ നേതാവും ഞാനും ചെന്ന് കണ്ടതാണ്. ഞാൻ ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ അവിടുത്തെ തടസ്സങ്ങൾ മാറ്റണമെന്ന് നിരന്തരമായി നമ്മൾ തമിഴ്നാടിനോട് ആവശ്യപ്പെട്ടു. ഡാമിന്റെ സുരക്ഷ ഉറപ്പുവരുത്തേണ്ടത് കേരളത്തിലെ ആ മേഖലയിലെ ജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുവേണ്ടി ആവശ്യമാണ്. അതിനുവേണ്ടി അടിയന്തിരമായ നടപടികൾ എടുക്കണമെന്ന് അവരോട് ആവർത്തിച്ചാവർത്തിച്ച് ആവശ്യപ്പെടുകയാണ്. ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും അവർ അനങ്ങാതെവന്നാൽ എന്ത് ചെയ്യണം; അവിടെയാണ് ഞാൻ കൺസൻസസിനെപ്പറ്റി പറഞ്ഞത്. ജലനിരപ്പ് 136 അടിക്ക് അപ്പുറത്ത് പോകാൻ സാധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മോഹൻകുമാർ: സർ, തിരുവനന്തപുരം നഗരത്തിലും പരിസരത്തുള്ള പഞ്ചായത്തുകളിലും വെള്ളം എത്തിക്കുന്ന ജലസംഭരണികളുടെ ശേഷി വളരെയധികം കുറഞ്ഞുകഴിഞ്ഞതായി സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ട്. ഈ നഗരത്തിൽ ശുദ്ധജലം ഉറപ്പാക്കുന്നതിനുവേണ്ടി അരുവിക്കര ഡാമിന്റെ സംഭരണശേഷി പുനഃസ്ഥാപിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അത് പരിശോധിക്കാവുന്നതാണ്.

പ്രതിപക്ഷ നേതാവ് *(ശ്രീ. വി. എസ്. അച്യുതാനന്ദൻ):* സർ, ബഹുമാനപ്പെട്ട മന്ത്രി, ഞാനും ഓപ്പോസിഷൻ ലീഡറും കൂടി അവിടെ പോയി സ്ഥിതിഗതികൾ കണ്ടു എന്ന് പ്രസ്താവിക്കുകയുണ്ടായി. ഞങ്ങൾ രണ്ടുപേരും നോക്കിയപ്പോൾ 139 എന്നുള്ള സൂചികയിലാണ് അടയാളപ്പെടുത്തിയിരിക്കുന്നത്. 136 അടിയിൽനിന്ന് ഒരടിപോലും പൊങ്ങാൻ സമ്മതിക്കുകയില്ലെന്ന് ഈ സഭയിൽ ഉറപ്പു നൽകിയിരിക്കുന്നതാണ്. എന്നാൽ ആ ഉറപ്പിന് വിരുദ്ധമായിട്ടുള്ള കാഴ്ചയാണ് അവിടെ കണ്ടത്. പത്രക്കാരെല്ലാം കൂടെ വന്നുകഴിഞ്ഞപ്പോൾ പിന്നെ നമ്മുടെ ഗവൺമെന്റിനെ കുറ്റപ്പെടുത്തുന്നത് ശരിയല്ലല്ലോ എന്നനിലയിൽ ഞാൻ പറഞ്ഞത്, തമിഴ്നാട് ഗവൺമെന്റ് വാഗ്ദാനം പാലിച്ചില്ല 136 അടിയിൽനിന്ന് ജലവിതാനം ഉയരാൻ പാടില്ല; പരസ്പര ധാരണയ്ക്ക് വിരുദ്ധമായിട്ടാണ് തമിഴ്നാട് ഗവൺമെന്റ് ഇക്കാര്യത്തിൽ നിലപാട് സ്വീകരിച്ചത്, അത് വളരെ തെറ്റാണ്. ഏതാണ്ട് മൂന്നു നാല് ജില്ലകളിലെ ജനങ്ങളുടെ ജീവന്റെതന്നെ നാശത്തിന് ഇടയാകുന്ന നിലയിലുള്ള ഉൽക്കണ്ഠാജനകമായ സ്ഥിതിയാണ് കേരളീയരെ സംബന്ധിച്ചുള്ളത്. അത് പരിഗണിച്ചുകൊണ്ട് നടപടി സ്വീകരിക്കാതിരിക്കുന്നത് ശരിയല്ല എന്നാണ് അവിടെ പറഞ്ഞത്. വിവരം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോടും മുഖ്യമന്ത്രിയോടും പറഞ്ഞു. ഈ സൂചിക മനസ്സിലാക്കണമെന്നുണ്ടെങ്കിൽ പോയി നോക്കാൻ നമ്മൾ അവിടെ നിശ്ചയിച്ചിട്ടുള്ള ഉദ്യോഗസ്ഥൻമാർക്ക് വാഹനമില്ല. തമിഴ്നാട് ഗവൺമെന്റിന്റെ വണ്ടിയിൽ ചക്കാത്തായിട്ടാണ് നമ്മുടെ ഉദ്യോഗസ്ഥൻമാർ പോകുന്നത്. പോകുന്ന വഴി അവിടെ ചെന്ന് ഇറങ്ങാൻ നേരത്ത് അവർ പറയും ഊണ് കഴിച്ചിട്ട് പോയാൽ പോരെ എന്ന്. ഊണ് കഴിഞ്ഞശേഷം ഒന്ന് വിശ്രമിച്ചിട്ട് പോയാൽ പോരെ എന്ന് പറയും, ഏതാണ്ട് ചായയും കൊടുത്തതിനുശേഷമാണ് അവർ അയയ്ക്കുക. നമ്മുടെ ഉദ്യോഗസ്ഥൻമാർ അവർക്ക് വിധേയമായിട്ടല്ലേ നീങ്ങുന്നത് എന്ന് ചോദിക്കാനുള്ള പശ്ചാത്തലമുണ്ട്. ഞാൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയോട് പറഞ്ഞു, നമുക്ക് കടം വാങ്ങിച്ചെങ്കിലും ഒരു ചെറിയ ബോട്ട് നമ്മുടെ ഉദ്യോഗസ്ഥൻമാർക്ക് കൊടുക്കാം; പോലീസുകാർക്കുപോലും ചക്കാത്തിന് പോകേണ്ട സ്ഥിതി അവസാനിപ്പിക്കണം എന്ന്. ഒരു ബോട്ടുണ്ടെങ്കിൽ പെട്ടെന്നുതന്നെ പോയി ഈ സൂചിക മനസ്സിലാക്കി റിപ്പോർട്ട് ചെയ്യാനുള്ള അവസരമുണ്ട്. ഇതൊന്നും ഇല്ലാതെയിരിക്കുകയാണ്. മുഖ്യമന്ത്രി എന്നോട് പറഞ്ഞത് ഉടൻതന്നെ ബോട്ടിന് ഓർഡർ ചെയ്തു എന്നാണ്. ഏതായാലും യഥാർത്ഥ സ്ഥിതി മന്ത്രിയും ഞാനും നേരിൽ കണ്ടതാണ്. 136 അടിയിൽനിന്ന് ഉയർന്നിരുന്നു എന്നുള്ളത് സത്യമാണ്. അവർക്ക് 152 വേണം എന്ന്

LIBRARY ARCHIVES Kerala Legislative Assembly

വാദിച്ചുകൊണ്ടിരിക്കുന്നതുകൊണ്ട് അത് സാധൂകരിക്കാൻവേണ്ടി മുന്നോട്ട് കയറ്റേണ്ടത് അവരുടെ ആവശ്യമാണെന്നുള്ള നിലയിലാണ് അവരുടെ നീക്കം. അത് നമ്മൾ മനസ്സിലാക്കിയില്ലെങ്കിൽ നമ്മുടെ നാടിന് വലിയ ആപത്തുണ്ടാക്കുമെന്നുള്ള സ്ഥിതിയാണ്. അത് ശരിയല്ലേ എന്നാണ് എനിക്ക് മന്ത്രിയോട് ചോദിക്കാനുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് അന്ന് അവിടെവച്ചും ഞാൻ നന്ദി പറഞ്ഞു ഇവിടെ വച്ച് ഒന്നുകൂടി നന്ദി പറയുകയാണ്. ആ യാത്രയിൽ അങ്ങ് കൂടി ഉണ്ടായിരുന്നത് വളരെ പ്രയോജനം ചെയ്തു. കേരളത്തിന്റെ മുഴുവൻ വികാരവും ഇതാണെന്ന് ബന്ധപ്പെട്ട ആളുകളെ അറിയിക്കാൻ നമുക്ക് സാധിച്ചു. അവിടെ ഉണ്ടായത് ഏറ്റവും പ്രധാനപ്പെട്ട കാര്യമായാണ് ഞാൻ കാണുന്നത്. അതിന് ഞാൻ അങ്ങയോട് ഒരിക്കൽകൂടി നന്ദി പറയുകയാണ്. 4-ാം തീയതിയാണ് നമ്മൾ അവിടെ ചെന്നത്. ഞാൻ അവിടെ ചെല്ലുമ്പോൾ 138.9-ൽ ആയിരുന്നു ജലനിരപ്പ്. അതിനുശേഷം downward trend-ലാണ്. ഇന്ന് എനിക്ക് കിട്ടിയ വിവരം 136.5-ലേക്ക് ജലവിതാനം താഴ്ന്നു കഴിഞ്ഞിരിക്കുന്നു എന്നാണ്. 136-ൽ എത്തുന്നതിനുവേണ്ടിയുള്ള നടപടി എടുക്കണം. ഇവിടെ വന്നതിനുശേഷം മുഖ്യമന്ത്രിയോട് സംസാരിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്നെ അറിയിച്ചു, ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ എല്ലാ സൗകര്യങ്ങളും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന് കൊടുക്കുന്നതിനുവേണ്ടി ഇപ്പോൾ തന്നെ വാക്കാൽ അവരോട് പറഞ്ഞിട്ടുണ്ട് എന്ന്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ നിർദ്ദേശം നടപ്പാക്കാൻ വേണ്ടിയുള്ള നടപടിയിലേക്ക് പോകുകയാണ്. ഒരു പുതിയ ബോട്ട് വാങ്ങുന്നതിനുള്ള നിർദ്ദേശം കൊണ്ടുവരണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിട്ടുണ്ട്. നിർദ്ദേശം നമ്മൾ കൊണ്ടുവരും. ഒരു പുതിയ ബോട്ട് വാങ്ങുന്നതിനുള്ള പ്രോസസിംഗ് പൂർത്തിയാകുന്ന സമയംവരെ കാത്തിരിക്കുക. അങ്ങ് നിർദ്ദേശിച്ചതുപോലെതന്നെ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ സൗകര്യങ്ങൾ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിനുകൂടി കൊടുക്കാൻ തക്കവിധത്തിലുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, പെരിയാറിനെപ്പോലെ പ്രാധാന്യമുള്ളതാണ് കല്ലടയാറ്. 1960-കളുടെ ആദ്യം തന്നെ പ്രവർത്തനം ആരംഭിച്ചതാണ് കല്ലട പദ്ധതി. 17 കോടി രൂപയ്ക്ക് ആരംഭിച്ച പദ്ധതി 650 കോടി രൂപയായിട്ടും തീർന്നില്ല. ലെഫ്റ്റ് ബാങ്ക് കനാലിന്റെ ഏറ്റവും അവസാന ഭാഗം എന്റെ നിയോജകമണ്ഡലത്തിലാണ്. മൂന്ന് നാല് മാസം മുൻപ് മന്ത്രി എന്റെ നിയോജകമണ്ഡലത്തിൽ വച്ച് ഒരു യോഗം നടത്തിയതാണ്. ലെഫ്റ്റ് ബാങ്ക് കനാലിലുള്ള ഏക ഇറിഗേഷൻ പദ്ധതി എന്നുപറയുന്നത് ചിറക്കരത്താഴമാണ്. അവിടെനിന്ന് കോട്ടപ്പുറം ഡിസ്ട്രിബ്യൂട്ടറിയിലേക്കുള്ള കണക്ഷൻ കനാൽ വർക്ക് ആരംഭിച്ചിട്ടില്ല. ഏറ്റവും അവസാനത്തെ പാർട്ടായ പൂതക്കുളം ഡിസ്ട്രിബ്യൂട്ടറിയുടെ കരാർ വർഷങ്ങളായി എടുത്തിട്ടും കരാറുകാർ ഇതുവരെ പണി ആരംഭിച്ചിട്ടില്ല. തടസ്സവാദങ്ങൾ പറയുകയാണ്. ജലസേചന വകുപ്പിലെ ഉദ്യോഗസ്ഥൻമാരുടെ

LIBRARY ARCHIVES Kerala Legislative Assembly

ഭാവം-അടൂർ ഗോപാലകൃഷ്ണന്റെ സിനിമയിലെ ഭാസ്കര പട്ടേലിന്റെ മുമ്പിൽ വിധേയൻ ഇരിക്കുന്നതുപോലെയാണ്. പല ഉദ്യോഗസ്ഥൻമാരും ആ രീതിയിലാണ് പെരുമാറുന്നത്. മന്ത്രി നേരിട്ട് കണ്ടതാണ്. എത്രയും പെട്ടെന്ന് പണി പൂർത്തീകരിക്കുമെന്നാണ് പറഞ്ഞത്. വാക്ക് പാലിക്കാൻ കഴിയുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വാക്ക് പാലിക്കാൻ പറ്റുന്നതേ ഞാൻ പറയാറുള്ളൂ. നമ്മൾ ഒരുമിച്ച് ആ സ്ഥലത്ത് പോയിരുന്നതാണ്. ഞാൻ ഇത് നേരത്തെ കണ്ടതാണ്. ഒരു നാഷണൽ ലോസ് പോവെ ഇത് നിൽക്കുകയാണ്. മുടക്കാനുള്ള പണമെല്ലാം മുടക്കി. പക്ഷേ വെള്ളം ഒഴുകാത്തതുകൊണ്ട് ജനങ്ങൾക്ക് പ്രയോജനമില്ല. അത് അടിയന്തിരമായിട്ട് ചെയ്യുന്നതിനുള്ള നടപടികൾ എടുക്കണമെന്ന് ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതിനുവേണ്ട നടപടിയെടുക്കുമെന്ന് ഉറപ്പ് നൽകിയിട്ടുണ്ട്. വീണ്ടും ഇക്കാര്യം പരിശോധിക്കുന്നതാണ്. ഞങ്ങൾ അവിടെ ചെന്നതിനുശേഷം ഇന്നുവരെ എന്ത് പുരോഗതി ഉണ്ടായിട്ടുണ്ടെന്ന് പരിശോധിച്ച് അങ്ങയെ വീണ്ടും അറിയിക്കുന്നതാണ്.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, (എ)-യുടെ മറുപടിയിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ചില സംഭരണികളിൽ സംഭരണ ശേഷിക്കൊപ്പം ജലനിരപ്പ് ഉയർന്നിട്ടുണ്ട്. അനക്സർ വഴി ആ ഡാമുകളുടെ പേരുകൾ ഇവിടെ തരേണ്ടതാണ്. (ബി)-ക്ക് നൽകിയ മറുപടി-എങ്കിൽ അപകട സാധ്യത ഉണ്ടാകാതിരിക്കാൻ എന്തു ചെയ്തു എന്നതിന് ജനങ്ങളെ അറിയിച്ചു എന്നാണ്. പത്തുവർഷം മുമ്പ് സെൻട്രൽ വാട്ടർ പവർ കമ്മീഷന്റെ എക്സ്പെർട്ട് മെമ്പർ വന്ന് കുറ്റ്യാടി പദ്ധതിയുടെ ശക്തി വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടു. കോടിക്കണക്കിന് രൂപ വേണ്ടതുകൊണ്ടും പിന്നീട് വെള്ളം അധികം ഇല്ലാത്തതുകൊണ്ടും ഭയപ്പെടേണ്ടി വന്നില്ല. ഇതുപോലെ നിരവധി പദ്ധതികളുണ്ട്. സംസ്ഥാനത്തെ എല്ലാ ജലവൈദ്യുത പദ്ധതികളേയും സംബന്ധിച്ചിടത്തോളം അതിന്റെ സുരക്ഷിതത്വത്തെക്കുറിച്ച് പരിശോധിക്കാൻ ഉന്നത തലത്തിൽ ഒരു കമ്മിറ്റിയെ വയ്ക്കാൻ ആവശ്യമായ പണം കണ്ടെത്തുകയും ഇപ്പോഴത്തെ അവസ്ഥയ്ക്ക് പരിഹാരം കാണുകയും വേണം. ചോദ്യത്തിന്റെ ഉൾസത്ത ഉൾക്കൊണ്ടുകൊണ്ട് ഞാൻ ചോദിക്കുന്നു, ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഈ വകുപ്പ് കൈകാര്യം ചെയ്ത അങ്ങയ്ക്ക് പോലും ചെയ്യാൻ കഴിയാത്ത കാര്യമാണ് എന്നോട് പറഞ്ഞു കൊണ്ടിരിക്കുന്നത്. എങ്കിലും ഞാൻ അത് പരമാവധി പരിഗണിക്കുന്നതാണ്. പക്ഷേ കുറ്റ്യാടി പദ്ധതിക്ക് അതിന്റെ എഫ്.ആർ.എൽ. 43.540 അടി ആണ്. ഇപ്പോൾ അവിടെയുള്ള റിസർവോയറിലെ മാക്സിമം വെള്ളം 28,480 ഘന അടി ആണ്. അതുകൊണ്ട് നമുക്കൊരു ആശങ്കാജനകമായ രൂപമില്ല. എങ്കിൽപ്പോലും ചെയ്യാം. അങ്ങയുടെ നിർദ്ദേശം ഗൗരവമായി എടുക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ഈ ചോദ്യത്തിൽനിന്ന് ഉത്ഭൂതമാകുന്ന പ്രധാന വിഷയം നിറഞ്ഞ ഡാമുകളും അപകടഭീഷണിയിൽ നിൽക്കുന്ന മുല്ലപ്പെരിയാറുമാണ്. മുല്ലപ്പെരിയാർ ഡാമിന്റെ ആദ്യത്തെ എഗ്രിമെന്റും 1970-ലെ എഗ്രിമെന്റും അങ്ങയുടെ ഫയലിലുണ്ട്. വായിച്ചുകാണുമെന്ന് വിശ്വസിക്കുന്നു. തീർച്ചയായും ശരിയാണ്. ഡാമിന്റെ സുരക്ഷിതത്വത്തെ സംബന്ധിച്ച് ഭീഷണിയുണ്ടെങ്കിലും ഡാമിന്റെ സുരക്ഷയെ സംബന്ധിച്ച് കേരള ഗവൺമെന്റിന് ആശങ്കയുണ്ടെങ്കിലും അത് പരിഹരിക്കാനുള്ള കാര്യങ്ങൾ ഈ എഗ്രിമെന്റിലുണ്ട്. തിരുവിതാംകൂർ മഹാരാജാവുമായിട്ടുള്ള ആദ്യത്തെ എഗ്രിമെന്റിലും അതിന് ശേഷമുള്ള എഗ്രിമെന്റിനകത്തുമുണ്ട്. പക്ഷേ ആ എഗ്രിമെന്റ് നടപ്പിലാക്കാൻ നമുക്ക് ഒരുകാലത്തും കഴിയുന്നില്ല. അന്തർ സംസ്ഥാന ബന്ധങ്ങൾമൂലം നമുക്ക് കഴിയുന്നില്ല. ഈ ഡാമിലെ ജലവിതാനം 136 അടിയായി നിലനിർത്തണമെന്ന് തീരുമാനിച്ചപ്പോൾ രണ്ട് വ്യവസ്ഥകളാണ് ഉണ്ടായിരുന്നത്. (ഒന്ന്). ക്യാപ്പിംഗ് (രണ്ട്). ആങ്കറിംഗ്. ആങ്കറിംഗ് എന്നു പറഞ്ഞാൽ കോൺക്രീറ്റ് ചെയ്ത മുകൾ ഭാഗം ഇടിച്ചു കഴിഞ്ഞശേഷം മുകൾ ഭാഗം കോൺക്രീറ്റ് ചെയ്ത് അതിൽ നിന്ന് കമ്പികൾ താഴത്തെ പാറയിലേയ്ക്കിട്ട് ബലപ്പെടുത്തുക. അതാണ് ആങ്കറിംഗ്. രണ്ടും പറഞ്ഞിരുന്നു. അത് രണ്ടും ചെയ്താൽ മാത്രമേ 136 അടിയിൽ നിന്ന് ഉയർത്താനാകൂ എന്ന് സെൻട്രൽ വാട്ടർ പവർ കമ്മീഷൻ പറയുകയും സംസ്ഥാന ഗവൺമെന്റുകൾ 1979-ൽ അംഗീകരിക്കുകയും ചെയ്തു. ആങ്കറിംഗ് നടത്തി. കുറെ ക്യാപ്പിംഗും നടത്തി. അതുകൊണ്ട് ഇത് അവസാനിക്കുന്നില്ല, പുതിയ ഡാം ഉണ്ടാക്കണം എന്നൊരു തർക്കമാണ് അന്ന് തമിഴ്നാട് ഉന്നയിച്ചത്. പക്ഷേ അങ്ങനെ ഒരു പുതിയ ഡാം ഉണ്ടാക്കുന്നത് നമുക്ക് ദോഷം ചെയ്യും. 145 അടിയെങ്കിലും ജല വിതാനം ഉയർത്തണമെന്ന തമിഴ്നാടിന്റെ ആവശ്യം ഇപ്പോൾ വന്നിരിക്കുകയാണ്. അങ്ങനെ 145 അടിയായി ഉയർത്താനുള്ള യാതൊരു കരാറും ഇതിലില്ല. 1979-ലെ തീരുമാനപ്രകാരം 136 അടി ആകണമെങ്കിൽപ്പോലും ഈ കാര്യങ്ങൾ ചെയ്യണമെന്നാണ്. അതേ അവർ ചെയ്തിട്ടുള്ളൂ. പുതിയ യാതൊരു സിവിൽ വർക്കും അവിടെ ചെയ്തിട്ടില്ല. സേഫ്റ്റി മെഷർ എടുത്തിട്ടില്ല. ആ സാഹചര്യത്തിൽ ജലനിരപ്പ് 136 അടിയിൽ നിന്ന് ഉയർത്താനുള്ള കൗശലം തമിഴ്നാട് ഉപയോഗിക്കുന്നത് വളരെ ബുദ്ധിപൂർവ്വം നേരിടാൻ ഗവൺമെന്റ് എന്താണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇതിന്റെ ഇലക്ട്രിസിറ്റി പോർഷൻ നേരത്തെ കൈകാര്യം ചെയ്തിരുന്ന മന്ത്രിയായിരുന്നു അദ്ദേഹം; 1978-ൽ. അദ്ദേഹം ഇവിടെ സൂചിപ്പിച്ചപോലെ ഇതിന്റെ മാക്സിമം ജലനിരപ്പ് 145 അടി എന്നുള്ളതായിരുന്നു ധാരണ. 1979-ൽ വീണ്ടും സെൻട്രൽ വാട്ടർ കമ്മീഷൻ വരികയും രണ്ട് സംസ്ഥാനങ്ങളിലേയും ഉദ്യോഗസ്ഥരും നമ്മുടെ ബന്ധപ്പെട്ട ആളുകളുമായി സംസാരിച്ച് 136 അടിയിൽ ജലനിരപ്പ് ഫിക്സ് ചെയ്യുകയും ചെയ്തു. 136 അടിയായി ഫിക്സ് ചെയ്തതിനുശേഷം നേരത്തെ അങ്ങ് സൂചിപ്പിച്ചപോലെ

LIBRARY ARCHIVES Kerala Legislative Assembly

ആങ്കറിംഗും ക്യാപ്പിംഗും നടത്തിയശേഷം ജലവിതാനം ഉയർത്താൻ പറ്റുമോ എന്ന് തമിഴ്നാട് സെൻട്രൽ വാട്ടർ കമ്മീഷന്റെ മുമ്പിൽ ചോദ്യം ഉന്നയിച്ചു. ആങ്കറിംഗ് നടത്തിയാലും സ്ട്രെങ്തനിംഗ് നടത്തിയാലും ക്യാപ്പിംഗ് നടത്തിയാലും ശരി 136 അടിക്ക് അപ്പുറത്തേക്ക് ഈ ജലവിതാനം ഉയർത്താൻ സാധ്യമല്ല എന്നാണ് അന്നുമുതൽ കേരള ഗവൺമെന്റ് എടുത്തു വന്നിട്ടുള്ള നിലപാട്.

പ്രധാന പക്ഷിസങ്കേതങ്ങൾ

*2 [454] *ശ്രീ. ലൂഡി ലൂയിസ്:*

„ *എം. കെ. പോൾസൺ മാസ്റ്റർ:*

„ *ജോർജ് ജെ. മാത്യു:*

„ *വർക്കല കഹാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പ്രധാന പക്ഷി സങ്കേതങ്ങൾ ഉണ്ട്;

(ബി) ഈ പക്ഷിസങ്കേതങ്ങളിൽ മറ്റു രാജ്യങ്ങളിൽനിന്നും പക്ഷികൾ എത്തിച്ചേരാറുണ്ടോ;

(സി) എങ്കിൽ ഇവയുടെ സംരക്ഷണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):*

(എ) രണ്ട്.

(ബി) ഉണ്ട്.

(സി) പക്ഷിസങ്കേതത്തിലെത്തുന്ന പക്ഷികളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ പൊതുജന പങ്കാളിത്തത്തോടുകൂടി സംരക്ഷണ പ്രവർത്തനങ്ങളും ആധുനിക വാർത്താവിനിമയ സംവിധാനവും ആയുധങ്ങളും നൽകി വനം വകുപ്പ് സ്റ്റാഫിനെ സജ്ജമാക്കുകയും നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. കൂടാതെ ഇവയുടെ ആവാസ വ്യവസ്ഥകൾക്ക് കോട്ടംവരാതെ അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ, പ്ളാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനം, പഴവർഗ്ഗങ്ങൾ കായ്ക്കുന്ന വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ, പൊതുജനങ്ങളിൽ അവബോധമുയർത്താനുള്ള നടപടികൾ എന്നിവയും സ്വീകരിച്ചുവരുന്നു.

ശ്രീ. ലൂഡി ലൂയിസ്: സർ, കൊച്ചി നഗരത്തിന്റെ ഹൃദയ ഭാഗത്ത് സ്ഥിതിചെയ്യുന്നതാണ് മംഗളവനവും പക്ഷിസങ്കേതവും. അതിനോടനുബന്ധിച്ചുള്ള പ്രദേശത്ത് ഒട്ടേറെ വികസന പ്രവർത്തനങ്ങൾ ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly